©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2023-2026)

## ഇരുപത്തിയേഴാമത് റിപ്പോർട്ട്

(2024 ഫെബ്രുവരി 14-ാം തീയതി സമർപ്പിച്ചത്)

**2011-ലെ കേരള പോലീസ് ആക്റ്റിൻ (2011-ലെ 8-ാം ആക്റ്റ്) കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ-കളുടെ (എസ്.ആർ.ഒ.നം. 684/2019, 275/2020) സൂക്ഷ്മപരിശോധന സംബന്ധിച്ചത്**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2024

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2023-2026)

## ഇരുപത്തിയേഴാമത് റിപ്പോർട്ട്

(2024 ഫെബ്രുവരി 14-ാം തീയതി സമർപ്പിച്ചത്)

## 2011-ലെ കേരള പോലീസ് ആക്റ്റിൻ (2011-ലെ 8-ാം ആക്റ്റ്) കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ-കളുടെ (എസ്.ആർ.ഒ.നം. 684/2019, 275/2020) സൂക്ഷ്മപരിശോധന സംബന്ധിച്ചത്

264/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : (എസ്.ആർ.ഒ.നമ്പർ 684/2019) | .. | 13 |
| അനുബന്ധം II : (എസ്.ആർ.ഒ.നമ്പർ 275/2020) | .. | 26 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
## (2023-2026)

### ഘടന

ചെയർമാൻ :

ശ്രീ. എം. എം. മണി, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ പ്രശാന്ത്, എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത്കുമാർ വി. ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)-യുടെ ചെയർമാനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഇരുപത്തിയേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2011-ലെ കേരള പോലീസ് ആക്റ്റിൻ (2011-ലെ 8-ാം ആക്റ്റ്) കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ-കൾ (എസ്.ആർ.ഒ.നം. 684/2019, 275/2020), 27-11-2023-ലെ യോഗത്തിൽ സമിതി സൂക്ഷ്മപരിശോധന നടത്തുകയും ആഭ്യന്തരം, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

ഈ വിഷയത്തിൽ സമിതി നടത്തിയ ചർച്ചകളുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ, ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2024 ഫെബ്രുവരി 12-ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എം. എം. മണി,**
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

തിരുവനന്തപുരം,
2024 ഫെബ്രുവരി 14.

# റിപ്പോർട്ട്

## [2011-ലെ കേരള പോലീസ് ആക്റ്റിൻ (2011-ലെ 8-ാം ആക്റ്റ്) കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളുടെ പരിശോധന സംബന്ധിച്ച്]

രാഷ്ട്രത്തിന്റെ അഖണ്ഡതയും സുരക്ഷിതത്വവും സംരക്ഷിക്കുന്നതിനും ഓരോ പൗരന്റെയും ജീവനും സ്വത്തിനും സ്വാതന്ത്ര്യത്തിനും അന്തസ്സിനും മനുഷ്യാവകാശങ്ങൾക്കും ഭരണഘടനാനുസൃതമായ പരിഗണന നൽകി യഥാവിധിയുള്ള സുതാര്യതയോടുകൂടി നിയമവാഴ്ച ഉറപ്പാക്കുന്നതിനും തൊഴിൽ വൈദഗ്ധ്യമുള്ളതും പരിശീലിപ്പിക്കപ്പെട്ടതും നൈപുണ്യവും അച്ചടക്കവും അർപ്പണബോധവും ഉള്ളതുമായ ഒരു പോലീസ് സംവിധാനം ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. മതിയായതും വ്യവസ്ഥാപിതവും ആയ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും നൽകി, പോലീസിനെ കാര്യക്ഷമതയോടുകൂടി അധികാരങ്ങൾ വിനിയോഗിക്കുവാനും കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനും പ്രാപ്തരാക്കേണ്ടതുമാണ്. ആധുനിക ജനാധിപത്യ സമൂഹത്തിന് അനുയോജ്യമായി പ്രവർത്തിക്കുന്നതും ജനസൗഹാർദ്ദവും ക്രമസമാധാനവും നിലനിർത്തുന്നതുമായ ഒരു പോലീസ് സംവിധാനം ഏർപ്പെടുത്തുന്നതിനോടൊപ്പം പോലീസിൽ നിക്ഷിപ്തമായ അധികാരങ്ങൾ ദുർവിനിയോഗം ചെയ്യപ്പെടുന്നില്ലായെന്നും പോലീസിന്റെ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതവും കാര്യക്ഷമവുമായ നിയന്ത്രണങ്ങൾക്ക് വിധേയമാണെന്ന് ഉറപ്പുവരുത്തേണ്ടതും അത്യന്താപേക്ഷിതമാണ്.

2. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാനത്തെ പോലീസ് സേനയുടെ രൂപീകരണവും നിയന്ത്രണവും അധികാരവും കർത്തവ്യങ്ങളും സംബന്ധിച്ച നിയമം ക്രോഡീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനുമായി 23-1-2011-ൽ നിലവിൽ വന്നതാണ് 2011-ലെ കേരള പോലീസ് ആക്റ്റ് (2011-ലെ 8-ാം ആക്റ്റ്). പ്രസ്തുത ആക്റ്റിലെ 110, 129 എന്നീ വകുപ്പുകൾ നൽകുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് പുറപ്പെടുവിച്ച 2019-ലെ കേരള സംസ്ഥാന പോലീസ് (കംപ്ലയിന്റ്സ് അതോറിറ്റികൾ) ചട്ടങ്ങൾ (എസ്.ആർ.ഒ. നം. 684/2019) (26-9-2019-ലെ സ.ഉ.(പി.)നം.37/2019/ആഭ്യന്തരം), 2020-ലെ കേരള പോലീസ് ചട്ടങ്ങൾ (എസ്.ആർ.ഒ. നം. 275/2020) (16-4-2020-ലെ സ. ഉ. (പി.)നം.18/2020/ആഭ്യന്തരം) എന്നിവ സമിതി സൂക്ഷ്മപരിശോധന നടത്തുകയുണ്ടായി.

3. പ്രസ്തുത എസ്.ആർ.ഒ.കളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി ആഭ്യന്തരം, നിയമം എന്നീ വകുപ്പ് ഉദ്യോഗസ്ഥരുമായി, 2023 നവംബർ 27-ാം തീയതി, സമിതി ചർച്ച നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

## 2019-ലെ കേരള സംസ്ഥാന പോലീസ് (കംപ്ലയിന്റ്സ് അതോറിറ്റികൾ) ചട്ടങ്ങൾ (എസ്.ആർ.ഒ. നം. 684/2019)

4. ചട്ടം 2(1)(ജി)-ലെ, ' "പരാതി" എന്നാൽ ആക്റ്റിലെ 110-ാം വകുപ്പ് പ്രകാരം അതോറിറ്റി മുൻപാകെ വായ്മൊഴിയായോ, എഴുതിയോ മറ്റ് വിധത്തിലോ നൽകിയ പരാതി എന്നർത്ഥമാകുന്നു;' എന്നത് ' "പരാതി" എന്നാൽ ആക്റ്റിലെ 110-ാം വകുപ്പ് പ്രകാരം അതോറിറ്റി മുൻപാകെ വായ്മൊഴിയായോ, എഴുതിയോ, ഇ-മെയിൽ / ഫാക്സ് മുഖാന്തരമോ നൽകിയ പരാതി എന്നർത്ഥമാകുന്നു;' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ചട്ടം 3(3)-ലെ '(2)-ാം ഉപചട്ടപ്രകാരം പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവിന് എതിരെയും പരാതിക്കാരന് അതോറിറ്റി ചെയർപേഴ്സൺ മുമ്പാകെ അപ്പീൽ നല്കാവുന്നതും .....' എന്നതിനെ '(2)-ാം ഉപചട്ടപ്രകാരം പുറപ്പെടുവിക്കുന്ന ഏതൊരു തീരുമാനത്തിന് എതിരെയും പരാതിക്കാരന് അതോറിറ്റി ചെയർപേഴ്സൺ മുമ്പാകെ അപ്പീൽ നല്കാവുന്നതും ....' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. ചട്ടം 3 (3)-ലെ രണ്ടാമത്തെ വരിയിൽ 'ചെയർപേഴ് സ്ൺ' എന്നതിന് പകരം 'ചെയർപേഴ്സൺ' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ചട്ടം 4(1)-ൽ, 'ഓരോ പരാതിയും മലയാളത്തിലോ ഇംഗ്ലീഷിലോ നേരിട്ടോ, തപാൽ മുഖാന്തിരമോ, ഇമെയിൽ മുഖാന്തിരമോ അതോറിറ്റിയിൽ സമർപ്പിക്കേണ്ടതാണ്.' എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിൽ 'ഇംഗ്ലീഷിലോ' എന്ന വാക്കിനുശേഷം 'തയ്യാറാക്കി' എന്ന വാക്ക് കൂട്ടിച്ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. ചട്ടം 4(1)-ലെ രണ്ടാമത്തെ വരിയിലെ 'മുഖാന്തിരമോ' എന്നതിന് പകരം 'മുഖാന്തരമോ' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. ചട്ടം 4(1)-ൽ പരാതി സമർപ്പിക്കുന്ന രീതിയിൽ ഒന്ന് ഇ-മെയിൽ മുഖേന ആയതിനാൽ ഒരു പരാതിയുടെ സ്റ്റാറ്റസ് ഓൺലൈനിലൂടെ അറിയുവാൻ നിലവിൽ സംവിധാനമുണ്ടോയെന്നും ഇല്ലെങ്കിൽ അത്തരം സംവിധാനം ഏർപ്പെടുത്തുന്നത് ഉചിതമാകില്ലേയെന്നും സമിതി പരിശോധിച്ചിരുന്നു. സംസ്ഥാന പോലീസ് കംപ്ലൈന്റ്സ് അതോറിറ്റിക്ക് സ്വന്തമായി ഒരു വെബ്സൈറ്റ് നിലവിൽ ഇല്ലായെന്നും അതോറിറ്റി വളരെ പരിമിതമായ സൗകര്യങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും ഇ-മെയിൽ മുഖേന വരുന്ന പരാതികൾക്ക് ഇ-മെയിലായും തപാൽ മുഖേന വരുന്ന പരാതികൾക്ക് തപാൽ വഴി തന്നെ മറുപടി നൽകാമെന്നും ഓൺലൈനായി അപേക്ഷ സ്വീകരിച്ച് ഓൺലൈനായി തന്നെ

സ്റ്റാറ്റസ് അറിയിക്കുന്ന സംവിധാനം കൊണ്ടുവരാൻ അതോറിറ്റിക്ക് പ്രായോഗിക ബുദ്ധിമുട്ടുകൾ നിലവിലുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി സ്വന്തമായി ഒരു വെബ്സൈറ്റ് തുടങ്ങണമെന്നും കാലാനുസൃതമായി വെബ്സൈറ്റ് വികസിപ്പിച്ച്, പരാതികളുടെ സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. ചട്ടം 4(5)-ലെ 'ലഭിക്കുന്ന ഓരോ പരാതിക്കും കൈപ്പറ്റ് രസീത് നൽകേണ്ടതാണ് ' എന്നതിനെ 'നേരിട്ട് / തപാൽ / ഇ-മെയിൽ വഴി ലഭിക്കുന്ന ഓരോ പരാതിയ്ക്കും കൈപ്പറ്റ് രസീത് നേരിട്ട് / തപാൽ / ഇ-മെയിൽ വഴി നൽകേണ്ടതാണ് ' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. ചട്ടം 6-ലെ, '4-ാം ചട്ട പ്രകാരം പരാതി ലഭിക്കുന്ന അതേ തീയതിയിൽ സെക്രട്ടറിയോ, ചെയർപേഴ്സൺ ചുമതലപ്പെടുത്തിയ മറ്റൊരു ഉദ്യോഗസ്ഥനോ തീയതി സഹിതം മേലൊപ്പ് രേഖപ്പെടുത്തേണ്ടതാണ്.' എന്നതിനെ '(1) 4-ാം ചട്ട പ്രകാരം ലഭിക്കുന്ന പരാതി അതേ തീയതിയിൽ സെക്രട്ടറിയോ, ചെയർപേഴ്സൺ ചുമതലപ്പെടുത്തിയ മറ്റൊരു ഉദ്യോഗസ്ഥനോ തീയതി സഹിതം മേലൊപ്പ് രേഖപ്പെടുത്തേണ്ടതാണ്.' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. ചട്ടം 6(2)-ൽ, '(1 )-ാം ഉപചട്ട പ്രകാരം ലഭിക്കുന്ന, പരാതി .....' എന്നതിലെ ലഭിക്കുന്ന എന്ന വാക്കിന് ശേഷമുള്ള ' , ' ചിഹ്നം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ചട്ടം 6(3)-ന്റെ മൂന്നാം വരിയിലെ 'ആവശ്യമുള്ളിടത്ത്' എന്നതിനെ 'ആവശ്യമാകുന്ന പക്ഷം' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. പരാതി നിരാകരിക്കുന്ന വിവരം എപ്രകാരമാണ് പരാതിക്കാരനെ അറിയിക്കുന്നതെന്നുള്ള വിവരം കൂടി ചട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി, ചട്ടം 6(4)-ലെ '(3)-ാം ഉപചട്ടപ്രകാരം നൽകപ്പെട്ട സമയപരിധിക്കുള്ളിൽ പരാതിയിലെ പിഴവ് പരിഹരിച്ച് സമർപ്പിക്കുന്നില്ലാത്തിടത്ത് ആദ്യം നൽകിയ പരാതി, കാരണങ്ങൾ രേഖപ്പെടുത്തി സെക്രട്ടറിക്ക് നിരാകരിക്കാവുന്നതും വിവരം പരാതിക്കാരനെ അറിയിക്കേണ്ടതുമാണ്.' എന്നതിനെ '(3)-ാം ഉപചട്ടപ്രകാരം നേരിട്ട്/തപാൽ/ഇ-മെയിൽ വഴി നൽകപ്പെട്ട പരാതിയിലെ പിഴവ് സമയപരിധിക്കുള്ളിൽ പരിഹരിച്ച് സമർപ്പിക്കാത്തപക്ഷം പരാതി, കാരണങ്ങൾ രേഖപ്പെടുത്തി സെക്രട്ടറിക്ക് നിരാകരിക്കാവുന്നതും വിവരം പരാതിക്കാരനെ നേരിട്ട്/തപാൽ/ഇ-മെയിൽ വഴി അറിയിക്കേണ്ടതുമാണ്.' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. ചട്ടം 7(1)-ലെ 'അയക്കേണ്ടതാണ്' എന്നതിനെ 'അയയ്ക്കേണ്ടതാണ്' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. ചട്ടം 8(1)-ലെ 'അയക്കുന്ന' എന്നതിനെ 'അയയ്ക്കുന്ന' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. ചട്ടം 8(1)-ലെ (ബി), (സി), (ഡി), (ഇ) എന്നിവ ചുവടെ ചേർക്കും പ്രകാരം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

“ (ബി) കൈപ്പറ്റ് രസീത് സഹിതം ഉള്ള രജിസ്റ്റേർഡ് തപാൽ മുഖേന ;

(സി) ബന്ധപ്പെട്ട കക്ഷികൾക്ക് നേരിട്ട് ;

(ഡി) പോലീസ് വകുപ്പ് മുഖേന ;

(ഇ) ഇ-മെയിൽ / എസ്.എം.എസ്. മുഖേന ; ”

18. ചട്ടം 8(2)-ന്റെ രണ്ടാം വരിയിലെ 'കക്ഷികൾ' എന്നതിനെ 'കക്ഷികൾക്ക് ' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. ചട്ടം 8(3)-ന്റെ മൂന്നാം വരിയിലെ '......... (1)-ാം ഉപചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത മറ്റ് മാർഗ്ഗങ്ങൾ മുഖേനയും നോട്ടീസ് നൽകുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.' എന്നതിനെ ' ......... (1)-ാം ഉപചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത പ്രകാരം ഓഫീസ് മേധാവി മുഖേനയും നോട്ടീസ് നൽകാവുന്നതാണ്.' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. ചട്ടം 8-ലെ (3)-ാം ഉപചട്ടത്തിന് ശേഷമുള്ള ഉപചട്ടങ്ങളുടെ ക്രമനമ്പർ (2) (3) എന്നതിന് പകരം (4) (5) എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. ചട്ടം 8(3)-ന ശേഷമുള്ള (2)-ൽ 'ടെലഫോൺ' എന്നതിന് പകരം 'ടെലിഫോൺ' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. ചട്ടം 9-ന്റെ തലക്കെട്ടിലെ 'സത്യവാങ്മൂലം സമർപ്പിക്കണമെന്ന്' എന്നതിന് പകരം 'സത്യവാങ്മൂലം സമർപ്പിക്കൽ ' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. ചട്ടം 9(1)-ലെ നാലാം വരിയിലെ 'ഹാജരാക്കേണ്ടതും' എന്നതിന് പകരം 'ഹാജരാകേണ്ടതും' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. ചട്ടം 11(2)-ലെ, '(1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവിൻമേൽ പ്രസ്തുത ഉത്തരവ് തീയതി മുതൽ പരാതിക്കാരന് മുപ്പത് ദിവസത്തിനകം പ്രസ്തുത ഉത്തരവ്

റദ്ദ് ചെയ്യുവാൻ അപേക്ഷിക്കാവുന്നതാണ്.' എന്നതിനെ '(1)-ാം ഉപചട്ട പ്രകാരമുള്ള ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുവാൻ പരാതിക്കാരന് അപേക്ഷിക്കാവുന്നതാണ്.' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. സംസ്ഥാന/ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിലെ സെക്രട്ടറി തസ്തികയിലേയ്ക്കുള്ള നിയമനം സംബന്ധിച്ച വ്യവസ്ഥകൾ കൂടി ചട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. ചട്ടം 12(എച്ച്)-ൽ 'പിടിച്ചെടുക്കന്നതിനോ' എന്നതിനെ 'പിടിച്ചെടുക്കുന്നതിനോ' എന്ന് മാറ്റണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി ശിപാർശ ചെയ്യുന്നു.

27. രേഖകളുടെ പരിശോധനയ്ക്കായി സമയപരിധി നിശ്ചയിക്കുന്നത് ഉചിതമാകുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, "ഏതെങ്കിലും പരാതിയിലെ രേഖകൾ അതിലെ കക്ഷികൾക്കോ അവരുടെ പ്രതിനിധികൾക്കോ പരിശോധിക്കേണ്ടതുണ്ടെങ്കിൽ ഒരു പരിശോധനയ്ക്ക് പത്തു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ എഴുതി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും അപേക്ഷ അനുവദിക്കുന്ന പക്ഷം പരാതിക്കാരൻ രണ്ടാഴ്ചക്കകം രേഖകൾ നേരിട്ട് പരിശോധിക്കേണ്ടതുമാണ്. തീർപ്പാക്കിയ പരാതികളിൽ ഉള്ള രേഖകളാണ് പരിശോധിക്കേണ്ടതെങ്കിൽ പരാതി തീർപ്പാക്കിയ തീയതി മുതൽ മൂന്ന് വർഷത്തിനകം അപേക്ഷിക്കേണ്ടതും അപ്രകാരം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾക്കും മേൽ സൂചിപ്പിച്ച നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്." എന്ന രീതിയിൽ ചട്ടം 17(2) ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. ചട്ടം 18(2)(viii)-ലെ അവസാന ഭാഗത്ത് 'ചെയർപേഴ്സണിന്റെയോ മെമ്പർമാരുടെ യോ ' എന്നതിനെ ' ചെയർപേഴ്സണിന്റെയോ അംഗങ്ങളുടെയോ ' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. ചട്ടം 18(2)(viii)-ലെ 'ചെയ്യൽ' എന്നതിനെ 'ചെയ്യുക' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. ചട്ടം 18(2)(ix)-ലെ 'തീർപ്പാക്കൽ' എന്നതിനെ 'തീർപ്പാക്കുക' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ചട്ടം 22 ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

"റിക്കാർഡ് സൂക്ഷിക്കൽ.- അതോറിറ്റി പരിഗണിക്കുന്ന പരാതിയുമായി ബന്ധപ്പെട്ട എല്ലാ അവശ്യരേഖകളും റിക്കാർഡുകളും റിക്കാർഡ് റൂമിൽ സൂക്ഷിക്കുകയും അവ അന്തിമ തീർപ്പിനുശേഷം അതോറിറ്റി തീരുമാനിക്കുംവിധം കൈകാര്യം ചെയ്യേണ്ടതുമാണ്. "

32. ചട്ടം 25-ൽ, 'ഒരു പരാതി കേൾക്കുന്ന സമയം ചെയർപേഴ്സണോ, മറ്റ് അംഗങ്ങൾക്കോ, ആ പരാതി പരിഗണിക്കുന്നതിന് കൂടുതൽ അംഗങ്ങൾ ഉൾപ്പെടുന്ന ബഞ്ച് ആവശ്യമാണെന്ന് കരുതുന്ന പക്ഷം ചെയർപേഴ്സൺ അദ്ധ്യക്ഷനായോ, അല്ലെങ്കിൽ ചെയർപേഴ്സൺ തീരുമാനിക്കുന്ന അംഗങ്ങൾ ഉൾപ്പെടുന്നതോ ആയ ഒരു ബെഞ്ചിന്റെ പരിഗണനയ്ക്കായി വിടാവുന്നതാണ് ' എന്ന് രേഖപ്പെടുത്തിയിരിക്കുന്നുവെന്ന് സമിതി നിരീക്ഷിച്ചു. സാധാരണ അതോറിറ്റിക്ക് എത്ര ബഞ്ചുകളാണ് ഉള്ളതെന്നും എത്ര അംഗങ്ങൾ അടങ്ങുന്നതാണ് ഒരു ബഞ്ചെന്നും , ' മറ്റൊരു ബഞ്ച് ' എന്നതിൽ ഉൾപ്പെടേണ്ട അംഗങ്ങളുടെ അംഗസംഖ്യ എത്രയെന്നുമുള്ള വിവരങ്ങൾ സമിതി പരിശോധിക്കുകയുണ്ടായി. സ്റ്റേറ്റ് പോലീസ് കംപ്ലൈന്റ്സ് അതോറിറ്റിയിൽ 5 അംഗങ്ങളാണ് നിലവിലുള്ളതെന്നും അതിൽ ചെയർമാൻ തനിച്ചോ അല്ലെങ്കിൽ ചെയർമാൻ ചുമതലപ്പെടുത്തുന്ന രണ്ടോ അതിലധികമോ അംഗങ്ങൾ ഉൾപ്പെട്ട ബഞ്ച് നടപടി സ്വീകരിച്ച് തീർപ്പ് കല്പിക്കുന്നതാണ് നിലവിലെ രീതിയെന്നും സമിതി മനസ്സിലാക്കുന്നു. ആക്റ്റിൽ പ്രസ്തുത ബഞ്ചിനെപ്പറ്റി പരാമർശിക്കുന്നില്ലായെന്നും അതോറിറ്റിയെക്കുറിച്ചാണ് പറയുന്നതെന്നും എല്ലാ അധികാരങ്ങളും അതോറിറ്റിക്കാണ് നല്കിയിരിക്കുന്നതെന്നും സമിതി കണ്ടെത്തി. ആയതിനാൽ, ആക്റ്റിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ ബഞ്ചിനെ അതോറിറ്റിക്കകത്തെ ഭരണ സൗകര്യത്തിനായുള്ള ഒരു സംവിധാനമായി കണ്ടാൽ മതിയാകുമെന്നും ആയതിനെ ചട്ടത്തിൽ പ്രത്യേകം പരാമർശിക്കേണ്ടതില്ലെന്നും സമിതി വിലയിരുത്തുന്നു. ആക്റ്റിൽ വ്യവസ്ഥ ചെയ്ത പ്രകാരമല്ല ബഞ്ച് രൂപീകരിച്ചിരിക്കുന്നത് എന്നതിനാൽ ബഞ്ചിനെപ്പറ്റി പരാമർശിക്കുന്ന ചട്ടം25 ഒഴിവാക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

33. ചട്ടം 25-ലെ 'ബെഞ്ച് ' എന്നതിനെ 'ബഞ്ച് ' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. ചട്ടം 27-ന്റെ തലക്കെട്ട്, 'സംസ്ഥാന പോലീസ് കംപ്ലൈന്റ്സ് അതോറിറ്റിയുടെ ചെയർപേഴ്സണിന്റെയും അംഗങ്ങളുടെയും ശമ്പളവും ആനുകൂല്യങ്ങളും.-' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. ചട്ടം 27(1)-ലെ മൂന്നാമത്തെ വരിയിലെ 'ചെർപേഴ്സണ്' എന്നതിന് പകരം 'ചെയർപേഴ്സണ്'' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. പുതിയതായി ചട്ടം '27 എ' കൂട്ടിച്ചേർത്ത് ആയതിന് 'ജില്ലാ പോലീസ് കംപ്ലൈന്റ്സ് അതോറിറ്റിയുടെ ചെയർപേഴ്സണിന്റെയും അംഗങ്ങളുടെയും ശമ്പളവും ആനുകൂല്യങ്ങളും.-' എന്ന തലക്കെട്ട് നൽകണമെന്നും ടി ചട്ടത്തിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. .

"ജില്ലാ പോലീസ് കംപ്ലൈന്റ്സ് അതോറിറ്റി ചെയർപേഴ്സണ് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ശമ്പളത്തിനും ബത്തകൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്."

37. ചട്ടം 27(1) ഉപചട്ടത്തിൽ 'ശമ്പളത്തിനും, ബത്തകൾക്കും' എന്നത് പോലെ 27(2)(3) എന്നീ ഉപചട്ടങ്ങളിലും 'അലവൻസ് ' എന്നതിന് പകരം 'ബത്തകൾ ' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. കേരള പോലീസ് ആക്റ്റിലെ 110-ാം വകുപ്പിലെ (5)-ാം ഉപവകുപ്പ് പ്രകാരം 'സംസ്ഥാന അതോറിറ്റിയുടെയും ജില്ലാ അതോറിറ്റികളുടെയും അംഗങ്ങളുടെ സേവന വേതന വ്യവസ്ഥകളും അതോറിറ്റിയുടെ നടപടിക്രമങ്ങളും നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരിക്കേണ്ടതാണ്' എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ജില്ലാ അതോറിറ്റികളുടെ ചെയർപെഴ്സന്റെയും അംഗങ്ങളുടെയും ശമ്പള വ്യവസ്ഥകൾ കൂടി ഖണ്ഡിക 36 പ്രകാരം പുതുതായി ചേർക്കുന്ന 'ചട്ടം 27 എ-യിൽ' ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39. സംസ്ഥാന/ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിലെ ജീവനക്കാരുടെ നിയമനം എപ്രകാരമാണെന്നത് വിശേഷാൽ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നതാവും ഉചിതമെന്ന് മനസ്സിലാക്കിയ സമിതിക്ക് നിലവിൽ ടി വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കിയിട്ടില്ലെന്ന് അറിയുവാൻ കഴിഞ്ഞു. കൂടാതെ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിലെ ജീവനക്കാരുടെ എണ്ണവും പ്രവർത്തനവും സമിതി വിലയിരുത്തുകയുണ്ടായി. സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിൽ നിലവിൽ മൂന്ന് ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും , അഞ്ച് ജീവനക്കാർ കോ-ടെർമിനസ് വ്യവസ്ഥയിലും, രണ്ട് ജീവനക്കാർ കോൺട്രാക്ട് വ്യവസ്ഥയിലും, മൂന്ന് ജീവനക്കാർ ദിവസവേതന അടിസ്ഥാനത്തിലും, കൂടാതെ ഒരു പാർട്ട് ടൈം സ്വീപ്പറും നിലവിൽ ജോലി ചെയ്യുന്നുണ്ടെന്നും ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളിൽ സ്ഥിരം ജീവനക്കാർ നിലവിലില്ലായെന്നും അതോറിറ്റിയുടെ സിറ്റിംഗ് സമയത്ത് അതാത് കളക്ടറേറ്റുകളിൽ നിന്നും ജീവനക്കാരെ സേവനത്തിനായി നിയോഗിക്കുകയാണ് ചെയ്യുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സംസ്ഥാന/ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിൽ സ്പെഷ്യൽ റൂൾ രൂപീകരിച്ച് സ്ഥിരനിയമനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. സംസ്ഥാന/ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളുടെ ആസ്ഥാനത്തെപ്പറ്റി ചട്ടത്തിൽ ഇല്ലാത്തതിനാൽ, സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരത്താണെന്നും ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളുടെ ആസ്ഥാനം അതാത് ജില്ലാ ആസ്ഥാനങ്ങളിൽ ആയിരിക്കുമെന്നും എന്ന വ്യവസ്ഥ ചട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2020-ലെ കേരള പോലീസ് ചട്ടങ്ങൾ (എസ്.ആർ.ഒ.നം. 275/2020)**

41. ചട്ടം 3-ന്റെ തലക്കെട്ട് 'കേസ് അന്വേഷണത്തിനായി ഉദ്യോഗസ്ഥരെ പ്രത്യേകമായി ചുമതലപ്പെടുത്തണമെന്ന്' എന്നതിന് പകരം 'കേസ് അന്വേഷണത്തിനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തൽ' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. ചട്ടം 4-ന്റെ തലക്കെട്ട് 'പോലീസ് സഹായം നൽകുന്നവർക്ക് നിശ്ചിത തുക നല്കണമെന്ന്' എന്നതിനുപകരം 'പോലീസ് സഹായം നൽകുന്നവർക്ക് നിശ്ചിത തുക നല്കൽ' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43. ചട്ടം 6(2)-ന്റെ ആരംഭത്തിൽ, 'ആക്റ്റിലെ 72-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള' എന്ന് ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44. ചട്ടം 6(4)-ന്റെ രണ്ടാമത്തെ വരിയിലെ 'ചട്ടങ്ങളിലെ' എന്നതിനെ 'ചട്ടങ്ങളിലെയും' എന്നും മൂന്നാം വരിയിലെ 'വ്യവസ്ഥകൾക്കും' എന്നതിനെ 'വ്യവസ്ഥകൾക്ക്' എന്നും മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45. ചട്ടം 6-ൽ പ്രതിപാദിക്കുന്ന ട്രാഫിക് ക്രമീകരണ സമിതികളുടെ യോഗത്തെ സംബന്ധിച്ച് ജനപ്രതിനിധികൾക്ക് അറിയിപ്പ് ലഭിക്കാറില്ലെന്നും പല ജില്ലകളിലും യോഗങ്ങൾ കൃത്യമായി ചേരുന്നുണ്ടോയെന്ന കാര്യത്തിൽ സംശയം ഉള്ളതായും സമിതി വിലയിരുത്തുന്നു. ട്രാഫിക് ക്രമീകരണ സമിതി യോഗങ്ങൾ കൃത്യമായും ചേരണമെന്നും യോഗം ചേരുന്ന വിവരം സംബന്ധിച്ച അറിയിപ്പ് നിയമസഭാംഗങ്ങളെ മുൻകൂട്ടി അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

46. ചട്ടം 7(6)എ-യിലെ പരിശീലനം നേടുന്നവരെ സംബന്ധിച്ച് കായിക പരിശീലന കേന്ദ്രത്തിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ ഉൾപ്പെടുത്തുന്ന രേഖകളിൽ, ആധികാരികമായ 'തിരിച്ചറിയൽ രേഖയുടെ പകർപ്പ് കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47. ചട്ടം 7(6)ബി-യിലെ പരിശീലകരെ സംബന്ധിച്ച് കായിക പരിശീലന കേന്ദ്രത്തിൽ സൂക്ഷിക്കുന്ന രജിസ്റ്ററിലെ രേഖകളിൽ ആധികാരികമായ 'തിരിച്ചറിയൽ രേഖ' കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48. 2011-ലെ കേരള പോലീസ് ആക്റ്റിലെ സെക്ഷൻ 73(4) പ്രകാരം, 'ആക്രമണമോ സ്വയരക്ഷയോ സംബന്ധിച്ച അഭ്യാസരീതികൾ ഉൾക്കൊള്ളുന്ന കായിക പരിശീലനം നടത്തുന്ന ഏതൊരു സ്ഥലത്തും ഒരു സബ് ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതൊരു പോലീസ് ഉദ്യോഗസ്ഥനും സ്വതന്ത്രമായ പ്രവേശനമുണ്ടായിരിക്കുന്നതാണ്.' എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, പ്രസ്തുത സ്ഥലങ്ങളിൽ കൃത്യമായ ഇടവേളകളിൽ സബ് ഇൻസ്പെകടറുടെ പദവിയിൽ താഴെയല്ലാത്ത ഏതൊരു പോലീസ് ഉദ്യോഗസ്ഥൻ സന്ദർശിക്കുന്നതിനും, ടി സന്ദർശന വേളയിൽ, ചട്ടം 7(6) 'എ' മുതൽ 'ഇ' വരെ നിഷ്കർഷിച്ചിരിക്കുന്ന രജിസ്റ്ററുകൾ പരിശോധിച്ച് ആയതിൽ രേഖപ്പെടുത്തലുകൾ നടത്തുന്നതിനുമുള്ള വ്യവസ്ഥ ചട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

49. ചട്ടം 9-ന്റെ തലക്കെട്ടിലെ 'പോലീസ് അസോസിയേഷനുകൾ നിലവിലുള്ള നിയമങ്ങൾക്കും സർക്കാരിന്റെ നിയന്ത്രണങ്ങൾക്കും വിധേയമായി പ്രവർത്തിക്കണമെന്ന് ' എന്നതിനുപകരം 'പോലീസ് അസോസിയേഷനുകളുടെ പ്രവർത്തനം' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

50. ചട്ടം 10-ൽ, ആക്റ്റിലെ 118(എച്ച്)-ലെ കുറ്റം സംബന്ധിച്ച് '73-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയോ, അതിന് വിരുദ്ധമായി കായിക പരിശീലനം നൽകുകയോ, ചെയ്യുക' എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു , ആയതിൽ ആക്റ്റിനു സമാനമായി 'നൽകുകയോ' എന്ന വാക്കിനുശേഷം 'നടത്തുകയോ' എന്ന വാക്ക് കൂട്ടിച്ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

51. ചട്ടം 10-ൽ പരാമർശിക്കുന്ന ഓരോ കുറ്റത്തിനുമുള്ള കോമ്പൗണ്ടിംഗ് ഫീസ് വർദ്ധിപ്പിക്കുന്നത് കുറ്റം ആവർത്തിക്കുന്നതിനെ തടയുമെന്ന് സമിതിക്ക് അഭിപ്രായമുണ്ട് . ആയതിനാൽ കുറ്റകൃത്യത്തിന്റെ വ്യാപ്തി അനുസരിച്ച് പ്രസ്തുത കോമ്പൗണ്ടിംഗ് ഫീസ് പുനർ നിർണ്ണയിക്കണമെന്നും അതിനനുസരിച്ച് ചട്ടത്തിൽ ഭേദഗതി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

52. ചട്ടം 10-ൽ, ആക്റ്റിലെ 120(സി) വകുപ്പിലെ കുറ്റം, 'ഒരു ട്രാഫിക് ചിഹ്നത്തെയോ സൈൻ ബോർഡിനേയോ അതിന്റെ ദൃശ്യത്തെയോ പാരായണ ക്ഷമതയെയോ കുറച്ച്കൊണ്ട് വികൃതമാക്കുകയോ മറയ്ക്കുകയോ ചെയ്യുക' എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് ആക്റ്റിനു സമാനമായി, 'ഒരു ട്രാഫിക് ചിഹ്നത്തേയോ സൈൻ ബോർഡിനെയോ അതിന്റെ ദൃശ്യതയെയോ പാരായണ ക്ഷമതയെയോ കുറച്ച്കൊണ്ട് വികൃതമാക്കുകയോ മറയ്ക്കുകയോ ചെയ്യുക' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53. ചട്ടം 12(1)-ൽ '126-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള, കൊഗ്നൈസിബിളും രാജിയാക്കാവുന്നതുമായ കുറ്റങ്ങളുടെ സംഗതിയിൽ, പോലീസ് സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ

മറ്റുവിധത്തിൽ കുറ്റാരോപിതന് പട്ടിക(ബി) പ്രകാരം അങ്ങനെയുള്ള കുറ്റങ്ങൾ രാജിയാക്കുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്;' എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൽ " 'അല്ലെങ്കിൽ മറ്റു വിധത്തിൽ' എന്ന് പരാമർശിച്ചിരിക്കുന്നത് ഒഴിവാക്കി, പകരം 'മറ്റു വിധങ്ങൾ' ഏതൊക്കെയാണെന്ന് ചട്ടത്തിൽ വ്യക്തമാക്കുന്നത് കൂടുതൽ ഉചിതമാകും എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ചട്ടം 12(1)-ൽ 'അല്ലെങ്കിൽ മറ്റു വിധത്തിൽ' എന്ന് പട്ടിക 'സി'-യിൽ പരാമർശിച്ചിട്ടുള്ളത് കുറ്റാരോപിതന് വിവരങ്ങൾ കിട്ടുന്നതിനെ സംബന്ധിച്ചായതിനാൽ, "പോലീസ് സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷൻ മുഖേനയോ ജില്ലാ പോലീസ് മേധാവിയ്ക്ക് ലഭിക്കുന്ന വിധത്തിലോ കുറ്റാരോപിതന് അപേക്ഷ സമർപ്പിക്കാവുന്നതാണ്" എന്ന രീതിയിൽ ചട്ടത്തിൽ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54. ചട്ടം 11 (4),(5) എന്നിവയിലേത്പോലെ ചട്ടം 12(3)-നു ശേഷവും (4),(5) ആയി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

55. ചട്ടം 13(1)-ൽ പ്രതിപാദിച്ചിരിക്കുന്നതിനു സമാനമായി, 'ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം നടന്നതായി ഒരു പോലീസ് സബ് ഇൻസ്പെക്ടർ കണ്ടെത്തുന്ന പക്ഷം ആ ഉദ്യോഗസ്ഥൻ പട്ടിക ബി അനുസരിച്ചുള്ള നോട്ടീസ് കുറ്റാരോപിതന് നൽകുന്ന' വ്യവസ്ഥ, ചട്ടം 13(2)-ലും ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. ചട്ടം 13(3)-ലെ മൂന്നാമത്തെ വരിയിലെ 'അയക്കേണ്ടതാണ്' എന്നത് 'അയയ്ക്കേണ്ടതാണ്' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57. ചട്ടം 14-ന്റെ തലക്കെട്ട്, 'രാജിയാക്കലിനെ സംബന്ധിച്ച രേഖകൾ സൂക്ഷിക്കണമെന്ന്' എന്നതിനെ 'രാജിയാക്കലിനെ സംബന്ധിച്ച രേഖകൾ സൂക്ഷിക്കൽ ' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. ചട്ടം 5 പ്രകാരമുള്ള ഫാറം 1-ലെ 'പോലീസ് സ്റ്റേഷന്' എന്നത് 'പോലീസ് സ്റ്റേഷൻ' എന്നും 'ഉത്തമവിശ്വാസത്തിലുംപ്പെട്ടിടത്തോളം' എന്നത് 'ഉത്തമവിശ്വാസത്തിലും' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. ചട്ടം 7(1) പ്രകാരമുള്ള ഫാറം 3-ൽ ഇനം 6-ലെ താൽക്കാലിക മേൽവിലാസം എന്നതിനോടൊപ്പം 'ബന്ധപ്പെടേണ്ട ഫോൺ നമ്പർ' എന്ന് കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. ഫാറം 3-ലെ 9-ാം ഇനത്തിൽ 'കായിക പരിശീലനം നൽകുന്നതിന് യോഗ്യതകൾ ലഭിച്ചിട്ടുള്ള പേരുകൾ (യോഗ്യതാ സാക്ഷ്യപത്രങ്ങൾ ഉണ്ടെങ്കിൽ ഇതോടൊപ്പം ചേർക്കേണ്ടതാണ്)' എന്നതിനെ 'കായിക പരിശീലനം നൽകുന്നതിന് യോഗ്യതകൾ ലഭിച്ചിട്ടുള്ള പരിശീലകരുടെ വിവരങ്ങൾ, (തിരിച്ചറിയൽ രേഖയുടെ പകർപ്പ്,

യോഗ്യതാ സാക്ഷ്യപത്രങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് എന്നിവ ഇതോടൊപ്പം ചേർക്കേണ്ടതാണ്)' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

61. ചട്ടം 7(4) പ്രകാരമുള്ള ഫാറം 4-ലെ 8-ാം ഇനത്തിൽ 'കൂടുതലായി ഉൾപ്പെടുത്തിയ പരിശീലകൻ' എന്നതിനെ 'കൂടുതലായി/പുതുതായി ഉൾപ്പെടുത്തിയ പരിശീലകരുടെ വിവരങ്ങൾ (തിരിച്ചറിയൽ രേഖയുടെ പകർപ്പ്, യോഗ്യതാ സാക്ഷ്യപത്രങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് എന്നിവ ഇതോടൊപ്പം ചേർക്കേണ്ടതാണ്)' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

62. ചട്ടം 11(1) പ്രകാരമുള്ള പട്ടിക.ബി-യിലെ 'പട്ടിക.ബി' എന്നതിനുശേഷം 'നോട്ടീസ്' എന്ന തലക്കെട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

63. 2011-ലെ പോലീസ് ആക്റ്റിന്മേലുള്ള പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനം ചെയ്യാൻ ഉണ്ടായ കാലതാമസത്തിന്റെ കാരണം സമിതി പരിശോധിച്ചിരുന്നു. 2011-ലെ ആക്റ്റ് ആണെങ്കിലും സർക്കാർ ഉത്തരവ് വന്നത് 2014-ലാണെന്നും അതിനുശേഷം രൂപീകരിച്ച കമ്മിറ്റി അതേക്കുറിച്ച് പഠിക്കുകയും 2017-ൽ റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നുവെന്നും തുടർന്ന് 2020-ൽ ചട്ടങ്ങൾ വിജ്ഞാപനം ചെയ്തെന്നും ഇംഗ്ലീഷ് പരിഭാഷ കൂടി ഉൾപ്പെടുത്തേണ്ടതായി വന്നതിനാൽ എസ്.ആർ.ഒ. വിജ്ഞാപനം ചെയ്യാൻ കാലതാമസം വന്നിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആക്റ്റ് നിലവിൽ വന്നാൽ കഴിവതും വേഗം ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

64. അവകാശികൾ ഇല്ലാത്തതും ദീർഘകാലമായി പോലീസ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിച്ച് വരുന്നതും നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതുമായ ജംഗമവസ്തുക്കൾ, പൊതുജനങ്ങളുടെ ജീവനും സഞ്ചാരത്തിനും ഭീഷണിയായി മാറുന്നുവെന്ന പരാതികൾ പരിഹരിക്കുന്നതിന്, ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വരുന്ന കാലതാമസത്തിന്റെ കാരണം സമിതി അന്വേഷിച്ചിരുന്നു. ഉപേക്ഷിക്കപ്പെട്ട വാഹനങ്ങൾക്കുപുറമെ കേസിൽപ്പെട്ട വാഹനങ്ങളും പോലീസ് സ്റ്റേഷനുകളിലേക്ക് വരുന്നുണ്ടെന്നും കേസിൽപ്പെട്ട വാഹനങ്ങൾ ഉടമയ്ക്ക് വിട്ടുനല്കുന്നുണ്ടെന്നും എന്നാൽ, ഉപേക്ഷിക്കപ്പെട്ട വാഹനങ്ങൾ ലേലം നടത്തി മാത്രമേ റിലീസ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും എല്ലാ മാസവും അതിന്റെ നടപടികൾ നടക്കുന്നുണ്ടെന്നും എ.ഡി.ജി.പി. ആയത് കൃത്യമായി ഏകോപിപ്പിക്കുന്നുണ്ടെന്നും ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥർ സമിതി മുൻപാകെ വിശദീകരിക്കുകയുണ്ടായി. പോലീസ് സ്റ്റേഷനുകൾക്ക് വാഹനങ്ങൾ സൂക്ഷിക്കാനായി ഒരു പ്രത്യേക ജങ്ക്‌യാർഡ് (Junkyard) ഇല്ലാത്തതിനാലാണ് സ്റ്റേഷൻ പരിസരത്ത് തന്നെ വാഹനങ്ങൾ പാർക്ക് ചെയ്യേണ്ടിവരുന്നതെന്നും മറ്റൊരു

സ്ഥലം ജില്ലാ കളക്ടർ അനുവദിച്ച് നൽകുകയാണെങ്കിൽ വാഹനങ്ങൾ അവിടെ സൂക്ഷിക്കാവുന്നതാണെന്നും അവർ അറിയിച്ചു. പല ക്രിമിനൽ കേസുകളിന്മേലും വർഷങ്ങളായാലും കോടതിവിധി വരാത്തതിനാൽ ടി കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ സ്റ്റേഷനുകളിൽ തന്നെ സൂക്ഷിക്കേണ്ടതായി വരുമെന്നും അത്തരം വാഹനങ്ങളാണ് തുരുമ്പിച്ചും കാടുപിടിച്ചും കിടക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. മോഷണം, തീപിടുത്തം എന്നിവ മുന്നിൽക്കണ്ട് സുരക്ഷിതമായ ഡമ്പിങ് യാർഡിന് സ്ഥലം കണ്ടെത്തി അവിടെ സെക്യൂരിറ്റിയെ നിയമിക്കുകയും ചെയ്യുകയെന്നത് ഒരു പരിഹാരമാർഗ്ഗമായി സമിതി കരുതുന്നു.

65. അവകാശികൾ ഇല്ലാത്തതും കേസുകളിൽ ഉൾപ്പെട്ടതുമായ വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിലും സമീപപ്രദേശങ്ങളിലും കുന്നുകൂടുന്നു എന്നത് വലിയൊരു സാമൂഹ്യപ്രശ്നമാണെന്ന് സമിതി വിലയിരുത്തുന്നു. കോടതികളിൽ കേസ് നിലനിൽക്കുന്നതുകൊണ്ടും അവകാശികൾ ഇല്ലാത്തതുകൊണ്ടുമാണ് അത്തരം വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ കാലങ്ങളായി സൂക്ഷിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ പ്രശ്നങ്ങൾ മറികടക്കുന്നതിന് ഫലപ്രദമായ ഒരു സംവിധാനം കൊണ്ടുവരണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

66. ആക്റ്റിന് അനുസൃതമായി ചട്ടങ്ങൾ പുറപ്പെടുവിക്കുമ്പോൾ ആക്റ്റിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടുള്ള വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾപ്പെടുത്താൻ ബന്ധപ്പെട്ട വകുപ്പുകൾ ശ്രദ്ധ പുലർത്തേണ്ടതാണ്. എസ്.ആർ.ഒ.-കളുടെ സൂക്ഷ്മപരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതി എത്തിച്ചേർന്ന നിഗമനങ്ങൾക്കും നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും സർക്കാർ സജീവ പരിഗണന നൽകി ശിപാർശകളിന്മേൽ എത്രയും വേഗം നടപടി സ്വീകരിക്കുമെന്ന പ്രതീക്ഷ സമിതിക്കുണ്ട്. പ്രസ്തുത ശിപാർശകൾ നടപ്പാക്കുന്നതിലൂടെ മേൽ എസ്.ആർ.ഒ.-കളിലെ ന്യൂനതകൾ പരിഹരിക്കപ്പെടുമെന്ന് സമിതി പ്രത്യാശിക്കുന്നു.

**എം. എം. മണി,**
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

തിരുവനന്തപുരം,
2024 ഫെബ്രുവരി 14.

അനുബന്ധം I

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2019 സെപ്റ്റംബർ 26<br>26th September 2019<br>1195 കന്നി 10<br>10th Kanni 1195<br>1941 ആശ്വിനം 4<br>4th Aswina 1941 | നമ്പർ<br>No. | 2260 |

കേരള സർക്കാർ

ആഭ്യന്തര (എസ്. എസ് —എ) വകുപ്പ്

വിജ്ഞാപനം

ജി.ഒ.(പി) നം.37/2019/ആഭ്യന്തരം — *തീയതി,2019, സെപ്റ്റംബർ 26.*

എസ്. ആർ. ഒ. നമ്പർ 884/2019 — തിരുവനന്തപുരം.

2011-ലെ കേരള പോലീസ് ആക്റ്റിലെ (2011-ലെ 8) 110-ാം വകുപ്പും 129-ാം വകുപ്പും കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട്, കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ചട്ടങ്ങൾ

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>-(1) ഈ ചട്ടങ്ങൾക്ക് 2019-ലെ കേരള സംസ്ഥാന പോലീസ് (കംപ്ലയിന്റ്സ് അതോറിറ്റികൾ) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ.</u>-(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,-

(എ) "ആക്റ്റ്" എന്നാൽ, 2011-ലെ കേരള പോലീസ് ആക്റ്റ് (2011-ലെ 8) എന്നർത്ഥമാകുന്നു;

(ബി) ''അഡ്വക്കേറ്റ്'' എന്നാൽ 1961-ലെ ദി അഡ്വക്കേറ്റ്സ് ആക്റ്റിലെ (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പ് (i)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള അതേ അർത്ഥമുണ്ടായിരിക്കുന്നതാണ്;

(സി) ''അതോറിറ്റി'' എന്നാൽ ആക്റ്റിലെ 110-ാം വകുപ്പ് പ്രകാരം രൂപീകൃതമായ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി അല്ലെങ്കിൽ ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികൾ എന്ന് അർത്ഥമാകുന്നു;

(ഡി) ''മുഖ്യ അന്വേഷണ ഉദ്യോഗസ്ഥൻ'' എന്നാൽ ആക്റ്റിലെ 112-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരമുള്ള അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഇ) ''ഉറ്റ ബന്ധു'' എന്നാൽ ആക്റ്റ് പ്രകാരം പോലീസിന്റെ നടപടിദൂഷ്യത്തിന്റെ ഇരയുടെ ജീവിതപങ്കാളി, മാതാപിതാക്കൾ, കുട്ടികൾ, സഹോദരൻ/സഹോദരി എന്നർത്ഥമാകുന്നു;

(എഫ്) ''പരാതിക്കാരൻ'' എന്നാൽ പോലീസ് നടപടിദൂഷ്യത്തിന് ഇരയായ ആൾ അല്ലെങ്കിൽ ഇരയുടെ ഉറ്റ ബന്ധു അല്ലെങ്കിൽ ആക്റ്റിലെ 111-ാം വകുപ്പിൽ പരാമർശിക്കുന്ന ജനപ്രതിനിധി എന്നർത്ഥമാകുന്നു;

(ജി) ''പരാതി'' എന്നാൽ ആക്റ്റിലെ 110-ാം വകുപ്പ് പ്രകാരം അതോറിറ്റി മുൻപാകെ വായ്മൊഴിയായോ, എഴുതിയോ മറ്റ് വിധത്തിലോ നൽകിയ പരാതി എന്നർത്ഥമാകുന്നു;

(എച്ച്) ''നിയമാനുസൃത പ്രതിനിധി'' എന്നാൽ മരണപ്പെട്ടയാളെ നിയമപ്രകാരം പ്രതിനിധീകരിക്കാൻ അധികാരം ഉള്ള വ്യക്തി എന്നർത്ഥമാകുന്നു;

(ഐ) ''രജിസ്ട്രി'' എന്നാൽ അതോറിറ്റിയുടെ രജിസ്ട്രി എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ജെ) "എതിർകക്ഷി" എന്നാൽ ആർക്കെതിരെയാണോ പരാതി കൊടുത്തിരിക്കുന്നത് ആ ആൾ എന്നർത്ഥമാകുന്നു;

(കെ) "സെക്രട്ടറി" എന്നാൽ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെയോ, ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെയോ, അതതു സംഗതി പോലെ, സെക്രട്ടറി എന്നർത്ഥമാകുന്നു;

(എൽ) "വകുപ്പ്" എന്നാൽ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു ;

(എം) "കൈമാറ്റം ചെയ്ത പരാതി" എന്നാൽ പരാതിയിലെ സംഗതി ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ അധികാരത്തിൽപ്പെട്ടതാണെന്ന കാരണത്താൽ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി, തീർപ്പാക്കലിനായി ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയ്ക്ക് അയച്ചു കൊടുത്ത പരാതിയോ, സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ അധികാരത്തിൽപ്പെട്ടതാണെന്ന കാരണത്താൽ ഏതെങ്കിലും ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി തീർപ്പാക്കലിനായി സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിക്ക് അയച്ചു കൊടുത്ത പരാതിയോ, പരാതിയിലെ സംഗതി മറ്റൊരു ജില്ലാ അതോറിറ്റിയുടെ അധികാരത്തിൽപ്പെട്ടതാണെന്ന കാരണത്താൽ ഒരു ജില്ലാ അതോറിറ്റിയിൽ നിന്നും മറ്റൊരു ജില്ലാ അതോറിറ്റിക്ക് അയച്ചു കൊടുത്ത പരാതിയോ എന്നർത്ഥമാകുന്നു;

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ പദങ്ങൾക്കും പ്രയോഗങ്ങൾക്കും ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം യഥാക്രമം ഉണ്ടായിരിക്കുന്നതാണ്.

3. <u>അധികാരപരിധി</u>.- (1) ഓരോ പരാതിയും, പരാതിയുമായി ബന്ധപ്പെട്ട സംഗതി ഏതു അതോറിറ്റിയുടെ അധികാരപരിധിയിൽ വരുന്നുവോ എന്നതിന്റെ അടിസ്ഥാനത്തിൽ അങ്ങനെയുള്ള അതോറിറ്റിയിൽ ഫയൽ ചെയ്യേണ്ടതാണ്.

(2) അധികാരപരിധിയിൽ ഉൾപ്പെടാത്തതോ, അടിസ്ഥാനപരമായ പിഴവോ ഉള്ള പരാതി അതോറിറ്റിയിൽ ലഭിക്കുന്ന പക്ഷം കാരണം വ്യക്തമാക്കി സെക്രട്ടറി പരാതിക്കാരന് മടക്കി നൽകേണ്ടതാണ്.

(3) (2)-ാം ഉപചട്ടപ്രകാരം പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവിന് എതിരെയും പരാതിക്കാരന്, അതോറിറ്റി ചെയർപേഴ്സൺ മുമ്പാകെ, അപ്പീൽ നൽകാവുന്നതും ചെയർപേഴ്സണ് ആയത് നമ്പർ നൽകി രജിസ്റ്ററിൽ ചേർക്കുന്നതിനോ, മറ്റ് ഉചിതമായ നടപടിയ്ക്കോ കാര്യകാരണ സഹിതം ഉത്തരവ് നൽകാവുന്നതുമാണ്.

4. <u>പരാതി സമർപ്പിക്കുന്ന രീതി</u>- (1) ഓരോ പരാതിയും മലയാളത്തിലോ ഇംഗ്ലീഷിലോ നേരിട്ടോ, തപാൽ മുഖാന്തിരമോ, ഇമെയിൽ മുഖാന്തിരമോ അതോറിറ്റിയിൽ സമർപ്പിക്കേണ്ടതാണ്. പരാതി ബന്ധപ്പെട്ട

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അതോറിറ്റിയുടെ ഓഫീസിൽ കിട്ടിയ ദിവസം തന്നെ ഒഴിവുകൾ ഇല്ലെങ്കിൽ ഫയൽ ചെയ്തതായി കണക്കാക്കപ്പെടുന്നതാണ്.

(2) (1)-ാം ഉപചട്ടപ്രകാരം ബോധിപ്പിക്കുന്ന പരാതിയോടൊപ്പം ആയതിന്റെ രണ്ട് പകർപ്പുകളും എതിർകക്ഷികളുടെ എണ്ണം അനുസരിച്ച് അത്രയും എണ്ണം പകർപ്പുകളും സമർപ്പിക്കേണ്ടതാണ്.

(3) എല്ലാ പരാതികളിലും പരാതിക്കാരന്റെയും എതിർകക്ഷികളുടെയും പൂർണ്ണമായ മേൽവിലാസവും വിഷയം സംബന്ധിച്ച വ്യക്തമായ വിവരങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. എതിർകക്ഷികളുടെ പേരും വിലാസവും നൽകാൻ കഴിയാത്തിടത്ത് ആയതിന്റെ കാരണവും ബോധിപ്പിക്കേണ്ടതാണ്.

(4) പരാതിക്ക് ആധാരമായ സംഭവം എവിടെ ഉത്ഭവിച്ചു എന്നതിനെ അടിസ്ഥാനമാക്കി ആക്റ്റിലെ 110-ാം വകുപ്പ് (1)ഉം (3)ഉം ഉപവകുപ്പുകൾ പ്രകാരം സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിലോ ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിലോ, അതതു സംഗതി പോലെ, പരാതി ഫയൽ ചെയ്യാവുന്നതാണ്.

(5) ലഭിക്കുന്ന ഓരോ പരാതിക്കും കൈപ്പറ്റ് രസീത് നൽകേണ്ടതാണ്.

5. <u>പരാതിയോടൊപ്പം രേഖകൾ സമർപ്പിക്കണമെന്ന്.</u>-(1) ഓരോ പരാതിയോടൊപ്പവും പരാതി സംബന്ധിച്ച വിഷയം സ്ഥാപിക്കുന്നതിനുള്ള രേഖകൾ ഉള്ള പക്ഷം ആയത് പട്ടിക സഹിതം ഉള്ളടക്കം ചെയ്യേണ്ടതാണ്.

(2) (1)-ാം ഉപചട്ടപ്രകാരം സമർപ്പിക്കപ്പെടുന്ന രേഖകൾ പരാതിക്കാരൻ അല്ലെങ്കിൽ എതിർകക്ഷി അല്ലെങ്കിൽ ബന്ധപ്പെട്ട അഭിഭാഷകൻ സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

(3) അഭിഭാഷകൻ മുഖേന പരാതി ഫയൽ ചെയ്യുന്ന സംഗതിയിൽ വക്കാലത്തും ഹാജരാക്കേണ്ടതാണ്.

(4) പരാതിയോടൊപ്പം ഹാജരാക്കുന്ന രേഖകൾ കീറിയതോ, കേടുപാടുകൾ സംഭവിച്ചതോ മറ്റു തരത്തിൽ നശിച്ചതോ ആയിരിക്കുന്നിടത്ത് പ്രസ്തുത വിവരം പട്ടികയിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പട്ടികയിൽ രേഖപ്പെടുത്താത്ത പക്ഷം, സെക്രട്ടറി പ്രസ്തുത ആവശ്യത്തിലേയ്ക്കായി നിർദ്ദേശം നല്കേണ്ടതുമാണ്. പ്രസ്തുത നിർദ്ദേശം പാലിക്കാത്തിടത്ത് ആ രേഖ ആ ഫയലിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6. <u>പരാതികളുടെ സൂക്ഷ്മ പരിശോധന.</u>- 4-ാം ചട്ട പ്രകാരം പരാതി ലഭിക്കുന്ന അതേ തീയതിയിൽ സെക്രട്ടറിയോ, ചെയർപേഴ്സൺ ചുമതലപ്പെടുത്തിയ മറ്റൊരു ഉദ്യോഗസ്ഥനോ തീയതി സഹിതം മേലൊപ്പ് രേഖപ്പെടുത്തേണ്ടതാണ്.

(2) (1)-ാം ഉപചട്ടപ്രകാരം ലഭിക്കുന്ന, പരാതി ക്രമപ്രകാരമാണെന്ന പക്ഷം, ആയത് രജിസ്റ്റർ ചെയ്ത് ക്രമനമ്പർ നൽകേണ്ടതാണ്.

(3) പരാതിയിൽ എന്തെങ്കിലും പിഴവുകൾ കണ്ടെത്തുന്ന പക്ഷം, സെക്രട്ടറി തന്റെ സാന്നിദ്ധ്യത്തിൽ അത് പരിഹരിക്കാൻ പരാതിക്കാരനെ അനുവദിക്കേണ്ടതാണ്. പിഴവുകൾ പരിഹരിക്കുവാൻ കൂടുതൽ സമയം ആവശ്യമുള്ളിടത്ത് അതിലേയ്ക്കായി ഒരാഴ്ചയോ അപേക്ഷയിൻമേൽ പതിനഞ്ച് ദിവസം വരെയോ സമയം അനുവദിക്കാവുന്നതാണ്.

(4) (3)-ാം ഉപചട്ടപ്രകാരം നൽകപ്പെട്ട സമയപരിധിക്കുള്ളിൽ പരാതിയിലെ പിഴവ് പരിഹരിച്ച് സമർപ്പിക്കുന്നില്ലാത്തിടത്ത് ആദ്യം നൽകിയ പരാതി, കാരണങ്ങൾ രേഖപ്പെടുത്തി സെക്രട്ടറിക്ക് നിരാകരിക്കാവുന്നതും വിവരം പരാതിക്കാരനെ അറിയിക്കേണ്ടതുമാണ്.

(5) (4)-ാം ഉപചട്ടപ്രകാരം ഒരു പരാതി നിരാകരിക്കുന്ന പക്ഷം അതിനെതിരെ ബന്ധപ്പെട്ട പരാതിയുമായി സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർപേഴ്സന്റെയോ, അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ അംഗത്തിന്റെയോ, ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർപേഴ്സന്റെയോ, അതതു സംഗതി പോലെ, മുമ്പാകെ അങ്ങനെ നിരാകരിച്ച ഉത്തരവ് തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം പരാതിക്കാരന് അപ്പീൽ നൽകാവുന്നതാണ്. പ്രസ്തുത അപ്പീലിൻമേൽ അതോറിറ്റി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(6) ഏതെങ്കിലും കക്ഷികൾ ഒരു പരാതിക്കാര്യത്തിൽ ഇടക്കാല നിവൃത്തിക്കായി അപേക്ഷ സമർപ്പിക്കുന്നുവെങ്കിൽ പ്രസ്തുത അപേക്ഷയുടെ പകർപ്പ് എതിർകക്ഷിക്ക് രജിസ്റ്റേർഡ് തപാൽ ആയി അയച്ചതിന്റെ രേഖകൾ സഹിതം ഹാജരാക്കേണ്ടതും രജിസ്ട്രി ആയത് ഫയലിൽ സ്വീകരിച്ച് നമ്പർ നൽകിയ ശേഷം പരാതി കേൾക്കുന്ന ബഞ്ച് മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്.

7. <u>എതിർകക്ഷിക്കുള്ള നോട്ടീസ്.</u>- (1) എതിർകക്ഷിക്ക് പരാതിയുടെ പകർപ്പിനോടൊപ്പം വിചാരണ തീയതി അറിയിച്ചുകൊണ്ട് സമൻസ് അയക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) വിചാരണക്ക് നിശ്ചയിച്ച തീയതിയിൽ എതിർകക്ഷി ഹാജരാകാതിരിക്കുകയോ, ഹാജരായി ആരോപണം സമ്മതിക്കുകയോ ചെയ്യുകയാണെങ്കിൽ പരാതിയിന്മേൽ അതോറിറ്റിക്ക് ഉടൻ തീർപ്പ് കൽപിക്കാവുന്നതാണ്.

(3) പരാതിയിലെ ആരോപണം നിഷേധിക്കുന്നിടത്ത് വിചാരണ തീയതിയിലോ അതിന് മുൻപോ അല്ലെങ്കിൽ അതോറിറ്റി അനുവദിക്കുന്ന സമയത്തിനുള്ളിലോ ബന്ധപ്പെട്ട രേഖകൾ സഹിതം പരാതിക്കാരന് എതിർ സത്യവാങ്മൂലത്തിലെ പകർപ്പു നൽകിയ തെളിവു സഹിതം ഹാജരാക്കേണ്ടതും അവ രേഖകളുടെ ഭാഗമാകുന്നതുമാണ്.

(4) ഒരു ഇടക്കാല നിവൃത്തിക്കായുള്ള അപേക്ഷയിന്മേലുള്ള ഉത്തരവ് ആരെയെങ്കിലും പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുള്ള പക്ഷം ഉത്തരവ് പുറപ്പെടുവിക്കുന്നതിന മുമ്പായി ആവശ്യമുള്ളിടത്ത് ബന്ധപ്പെട്ടവരെ കേൾക്കുന്നതിനുള്ള ഒരു അവസരം നൽകേണ്ടതാണ്.

8. <u>അതോറിറ്റിയിൽ നിന്നും അയക്കുന്ന നോട്ടീസുകളും അറിയിപ്പുകളും</u>.- (1) സംസ്ഥാന അതോറിറ്റി അല്ലെങ്കിൽ ജില്ലാ അതോറിറ്റികളിൽ നിന്നും അയക്കുന്ന നോട്ടീസോ, മറ്റ് അറിയിപ്പുകളോ താഴെ പറയുന്ന ഏതെങ്കിലും വിധത്തിൽ അതോറിറ്റിയുടെ നിർദ്ദേശാനുസരണം നൽകേണ്ടതാണ്.

(എ) സംസ്ഥാന അതോറിറ്റി അല്ലെങ്കിൽ ജില്ലാ അതോറിറ്റികൾ അതിനായി ചുമതലപ്പെടുത്തിയിട്ടുള്ളവർ നേരിട്ട്;

(ബി) കൈപ്പറ്റ് രസീത് സഹിതം ഉള്ള രജിസ്റ്റേർഡ് തപാൽ;

(സി) ബന്ധപ്പെട്ട കക്ഷികൾ ;

(ഡി) പോലീസ് വകുപ്പ് ;

(ഇ) ഇ-മെയിൽ/എസ്.എം.എസ്. ;

(2) സംസ്ഥാന അതോറിറ്റി അല്ലെങ്കിൽ ജില്ലാ അതോറിറ്റികൾ പുറപ്പെടുവിച്ച നോട്ടീസ് (1)-ാം ഉപചട്ടം (സി) ഖണ്ഡപ്രകാരം കക്ഷികൾ നേരിട്ട് നൽകുമ്പോൾ, അതിലേക്കായുള്ള തെളിവ് രസീത് സത്യവാങ്മൂലത്തോടൊപ്പം രജിസ്ട്രിയിൽ ഫയൽ ചെയ്യേണ്ടതാണ്.

(3) (1)-ാം ഉപചട്ടത്തിൽ എന്തു തന്നെ അടങ്ങിയിരുന്നാലും അതോറിറ്റിക്ക് നീതിയെന്നും, സൗകര്യപ്രദമെന്നും തോന്നുന്ന പക്ഷം കക്ഷികളുടെ എണ്ണം, അവരുടെ താമസസ്ഥലം അല്ലെങ്കിൽ ജോലി സ്ഥലം, മറ്റ് സാഹചര്യങ്ങൾ എന്നിവ കണക്കിലെടുത്ത് കക്ഷികൾക്ക്, (1)-ാം ഉപചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത മറ്റ് മാർഗ്ഗങ്ങൾ മുഖേനയും നോട്ടീസ് നൽകുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഓരോ അഭിഭാഷകനും അവരുടെ വക്കാലത്ത് നാമയിൽ ഇ-മെയിൽ ഐഡി, മൊബൈൽ നമ്പർ, ടെലഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

(3) ഇ-മെയിൽ, അല്ലെങ്കിൽ എസ്.എം.എസ്സ് വഴി അയയ്ക്കുന്ന അറിയിപ്പ് ഒരു ആധികാരിക അറിയിപ്പായി കണക്കാക്കേണ്ടതാണ്.

9. <u>സത്യവാങ്മൂലം സമർപ്പിക്കണമെന്ന്</u> .- (1) അതോറിറ്റിക്ക് കക്ഷികളോട് തെളിവിനായി സത്യവാങ്മൂലം സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. അപ്രകാരം സത്യവാങ്മൂലം സമർപ്പിച്ച ആളെ എതിർവിസ്താരം നടത്താൻ എതിർകക്ഷിക്ക് അവകാശമുണ്ടായിരിക്കുന്നതും അതിലേയ്ക്കായി അതോറിറ്റി നിശ്ചയിക്കുന്ന ദിവസം കക്ഷികൾ ഹാജരാകേണ്ടതും അതിന് വീഴ്ച വരുത്തുന്ന പക്ഷം പ്രസ്തുത സത്യവാങ്മൂലം തെളിവിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

(2) എതിർകക്ഷി ഹാജരാക്കിയ എതിർ സത്യവാങ്മൂലത്തിൽ പ്രതിപത്രിക സമർപ്പിക്കേണ്ടിടത്ത് പരാതിക്കാരൻ പതിനാല് ദിവസത്തിനുള്ളിൽ ഹാജരാക്കേണ്ടതും സമയപരിധിക്കശേഷം ലഭിക്കുന്നവ നിരസിക്കുന്നതുമാണ്.

എന്നാൽ പ്രസ്തുത സമയ പരിധിക്ക് ശേഷം സമർപ്പിക്കുന്ന പത്രിക അങ്ങനെയുള്ള പത്രിക സമർപ്പിക്കുന്നതിൽ വീഴ്ച സംഭവിച്ചതിന് മതിയായ കാരണമുണ്ടെന്ന് അതോറിറ്റിക്ക് ബോധ്യമുള്ള പക്ഷം സ്വീകരിക്കാവുന്നതാണ്.

10. <u>രേഖകളുടെ സ്വീകരിക്കലും തിരസ്കരിക്കലും</u>.- (1) തീരുമാനിക്കേണ്ടതായ സംഗതികളിൽ വാദപ്രതിവാദങ്ങൾ ആരംഭിക്കുന്നതിന് മുൻപ് രേഖകൾ ബന്ധപ്പെട്ട കക്ഷികളോ അവരുടെ പ്രതിനിധികളോ അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നുണ്ടോ എന്നത് അതോറിറ്റി തീർച്ചപ്പെടുത്തേണ്ടതും അങ്ങനെയുള്ള വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

(2) പരാതിക്കാരൻ ഫയൽ ചെയ്ത രേഖകൾ 'P' പരമ്പരയായും, എതിർകക്ഷി ഫയൽ ചെയ്ത രേഖകൾ 'R' പരമ്പരയായും, അതോറിറ്റിയുടെ സ്വന്തം നിലയിൽ സ്വീകരിക്കുന്നവ 'A' പരമ്പരയായും കേസിലെ കക്ഷിയല്ലാത്ത ആൾ ഹാജരാക്കിയ രേഖകൾ 'C' പരമ്പരയായും അടയാളപ്പെടുത്തേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

11. **പരാതിക്കാരന്റെയും എതിർകക്ഷിയുടെയും ഭാഗത്ത് വീഴ്ചയുണ്ടാകുമ്പോൾ പരാതിയിന്മേലുള്ള നടപടി** :-

(1) പരാതി കേൾക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന തീയതിയിലോ, അല്ലെങ്കിൽ ആയതിനായി മാറ്റിവെയ്ക്കപ്പെട്ട മറ്റ് ഏതെങ്കിലും തീയതിയിലോ പരാതിക്കാരൻ ഹാജരായിട്ടില്ലാത്ത പക്ഷം അതോറിറ്റിക്ക് സ്വമേധയാ പരാതി തീർപ്പാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവിൻമേൽ പ്രസ്തുത ഉത്തരവ് തീയതി മുതൽ പരാതിക്കാരന് മുപ്പത് ദിവസത്തിനകം പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുവാൻ അപേക്ഷിക്കാവുന്നതാണ്. അപേക്ഷ പരിഗണിച്ച ശേഷം അതോറിറ്റിക്ക് പ്രസ്തുത ഉത്തരവ് അസ്ഥിരപ്പെടുത്താവുന്നതാണ്.

(3) വിചാരണക്കായി നിശ്ചയിച്ചിട്ടുള്ള തീയതിയിൽ പരാതിക്കാരൻ ഹാജരാകുകയും, എതിർകക്ഷി ഹാജരാകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, അതോറിറ്റിക്ക് പരാതി വിചാരണ ചെയ്യുകയോ, ആയതിനായി മാറ്റിവെയ്ക്കുകയോ, എതിർകക്ഷിയുടെ അഭാവത്തിൽ വാദം കേട്ട് തീരുമാനിക്കുകയോ ചെയ്യാവുന്നതാണ്.

(4) എതിർകക്ഷിയുടെ അഭാവത്തിൽ പരാതി തീർപ്പാക്കുന്നിടത്ത് ഹാജരാകാതിരുന്നതിന് ന്യായമായ കാരണം ഉണ്ടെങ്കിൽ അത് രേഖപ്പെടുത്തി എതിർകക്ഷിക്ക് അപേക്ഷ നൽകാവുന്നതും അതോറിറ്റിക്ക് പ്രസ്തുത കാരണം ന്യായമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ആ ഉത്തരവ് അസ്ഥിരപ്പെടുത്തി പരാതി വീണ്ടും പരിഗണിക്കാവുന്നതുമാണ്.

(5) (4)-ാം ഉപചട്ടപ്രകാരം അസ്ഥിരപ്പെടുത്തുന്ന ഉത്തരവ് ഒരു എതിർകക്ഷിക്ക് എതിരെ മാത്രമായി അസ്ഥിരപ്പെടുത്തുവാൻ കഴിയില്ലെങ്കിൽ അതോറിറ്റി പ്രസ്തുത ഉത്തരവ് എല്ലാ എതിർകക്ഷികൾക്കുമെതിരെ അസ്ഥിരപ്പെടുത്തേണ്ടതാണ്.

12. **അതോറിറ്റിയുടെ അധികാരങ്ങളും നടപടിക്രമവും**.- സംസ്ഥാന അതോറിറ്റിക്കും ജില്ലാ അതോറിറ്റികൾക്കും, അന്വേഷണം നടത്തുമ്പോൾ, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഇനി പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്.-

(എ) ഏതൊരു ആളിനെയും സമൺ ചെയ്യുക, ഹാജരാകുവാൻ നിർബന്ധിക്കുക, സത്യപ്രതിജ്ഞയിന്മേൽ അയാളെ വിസ്തരിക്കുക;

(ബി) രേഖകൾ കണ്ടെടുക്കുക;

(സി) സത്യവാങ്മൂലം പ്രകാരം തെളിവുകൾ സ്വീകരിക്കുക;

(ഡി) ഏതൊരു ഓഫീസിൽ നിന്നും ഒരു പൊതു രേഖയോ പ്രമാണമോ ആയതിന്റെ പകർപ്പോ 1872-ലെ ഇന്ത്യൻ തെളിവ് നിയമം (1872-ലെ 1-ാം കേന്ദ്ര ആക്റ്റ്) 123, 124 എന്നീ വകുപ്പുകൾ പ്രകാരം ആവശ്യപ്പെടുക;

(ഇ) സ്വമേധയാ അല്ലെങ്കിൽ എതിർകക്ഷിയുടെ അഭാവത്തിൽ അപേക്ഷ നിരസിക്കുക;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എഫ്) പിഴവുമൂലം നിരസിച്ചുകൊണ്ടുള്ള ഉത്തരവോ, എതിർകക്ഷികളുടെ അഭാവത്തിൽ പുറപ്പെടുവിച്ച ഉത്തരവോ അസ്ഥിരപ്പെടുത്തുക;

(ജി) ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനോട് സാക്ഷിയെ ചോദ്യം ചെയ്യുകയോ, സാക്ഷി മൊഴി രേഖപ്പെടുത്തുകയോ ചെയ്യുന്നതിന് ആവശ്യപ്പെടുക;

(എച്ച്) ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനോട് എന്തെങ്കിലും പ്രസക്തമായ രേഖകൾ കണ്ടെത്തുന്നതിനോ പരിശോധിക്കുന്നതിനോ പിടിച്ചെടുക്കുന്നതിനോ ആവശ്യപ്പെടുക;

(ഐ) ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന് അധികാരമോ കഴിവോ പ്രാവീണ്യമോ ഉള്ള പരിശോധനയോ പരീക്ഷണമോ നടത്തുന്നതിന് ആവശ്യപ്പെടുക.

13. <u>സാക്ഷിയെ വിളിച്ചു വരുത്തലും തെളിവ് രേഖപ്പെടുത്തുന്ന രീതിയും.</u>-(1) സാക്ഷികളെ വിളിപ്പിക്കുന്നതിനായി ഏതെങ്കിലും കക്ഷി അപേക്ഷ സമർപ്പിക്കുന്നിടത്ത്, ആ സാക്ഷികളുടെ ഹാജർ ആവശ്യം ഉണ്ടെന്നു കാണുന്ന പക്ഷം അവർ ഹാജരാകാനായി അതോറിറ്റി അവർക്ക് സമൻസ് അയക്കേണ്ടതാണ്.

(2) ഓരോ സാക്ഷിയെയും വിസ്തരിക്കുമ്പോൾ അയാളുടെ മൊഴിയുടെ പ്രസക്തഭാഗങ്ങൾ അതോറിറ്റി നേരിട്ട് രേഖപ്പെടുത്തുകയോ അല്ലെങ്കിൽ മറ്റാരെക്കൊണ്ടെങ്കിലും നേരിട്ടുള്ള മേൽനോട്ടത്തിൽ രേഖപ്പെടുത്തുകയോ ചെയ്യാവുന്നതും സാക്ഷിയെ വായിച്ചു കേൾപ്പിച്ച് ശരിയെന്നു കണ്ട് ഒപ്പു വാങ്ങേണ്ടതും പ്രസ്തുത വിവരം അതോറിറ്റി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഏതെങ്കിലും സാക്ഷി ഒപ്പിടുവാൻ വിസമ്മതിച്ചാൽ ആയത് രേഖപ്പെടുത്തി ശരിയെന്ന സാക്ഷ്യപ്പെടുത്തലോടെ അതോറിറ്റിക്ക് പ്രസ്തുത മൊഴി തെളിവായി ഉപയോഗിക്കാവുന്നതാണ്.

(3) (1)-ാം ഉപചട്ടപ്രകാരം ഒരു വ്യക്തിക്ക് സാക്ഷിയായി ഹാജരാകാൻ അതോറിറ്റി സമൻസ് നൽകുന്ന പക്ഷം അയാളുടെ യാത്ര ചെലവുകളും മറ്റു ചെലവുകളും വഹിക്കുന്നതിന് 1965-ലെ കേരള ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസ്, കേരള സിവിൽ റൂൾസ് ഓഫ് പ്രാക്ടീസ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സെക്രട്ടറി നിശ്ചയിക്കുന്ന നിരക്കിൽ തുക നൽകേണ്ടതാണ്.

14. <u>സമാന പരാതികളെ സംബന്ധിച്ച നടപടിക്രമം.</u>-(1) ഒരേ കാര്യത്തിൽ അതോറിറ്റിയിൽ ഫയൽ ചെയ്തിട്ടുള്ള രണ്ടോ അതിലധികമോ പരാതികളിൽ, ഉൾപ്പെട്ടിരിക്കുന്ന വിഷയം സമാനമാണെങ്കിൽ, അത്തരം പരാതികൾ തെളിവിന്റെ അടിസ്ഥാനത്തിൽ ഒരേ സമയം കൂട്ടായി കേട്ട് തീർപ്പാക്കാവുന്നതാണ്.

(2) (1)-ാം ഉപചട്ടപ്രകാരം നടപടി സ്വീകരിക്കുന്നിടത്ത് പൊതുവായ തർക്കവിഷയത്തിലുള്ള തെളിവ് ഒരു പരാതിയിന്മേൽ മാത്രം രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിയ തെളിവുകൾ മറ്റു പരാതികൾക്ക് ബാധകമാകുന്നുവെന്നതും അത്തരം പരാതിയിലെ കക്ഷികൾക്ക് ഹാജരാകുവാനും സാക്ഷികളെ വിസ്തരിക്കുവാനും അവസരം കിട്ടിയിരുന്നു എന്നതും സംബന്ധിച്ച വിവരങ്ങൾ മറ്റ് പരാതികളുടെ റെക്കോർഡുകളിൽ രേഖപ്പെടുത്തി അതോറിറ്റി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(3) ഒരേ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാതികൾ വിവിധ ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളിൽ തീർപ്പാകാതെ നിലവിൽ ഉള്ള സംഗതിയിൽ, സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിക്ക് അത്തരം പരാതികൾ ഏതെങ്കിലും ഒരു ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയ്ക്ക് വിചാരണയ്ക്കായി നൽകാവുന്നതാണ്.

15. <u>വിചാരണ മാറ്റിവയ്ക്കൽ.</u>- ഒരു വിചാരണകൊണ്ട് പരാതിയിൻമേൽ തീർപ്പ് കൽപ്പിക്കാൻ കഴിയില്ലെന്ന് അതോറിറ്റിക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം കാരണം രേഖപ്പെടുത്തി വിചാരണ മാറ്റി വയ്ക്കാവുന്നതും, മാറ്റിവച്ച വിചാരണ തീയതി ഹാജരായ കക്ഷികളെ അറിയിക്കേണ്ടതുമാണ്.

16. <u>സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെയും ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളുടെയും ഉത്തരവിൻമേൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.</u>- സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയോ, ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയോ, അതതു സംഗതി പോലെ, ഒരു പരാതി തീർപ്പാക്കി കഴിഞ്ഞാൽ, അതിന്മേൽ ക്ലറിക്കലോ അല്ലെങ്കിൽ കണക്കുകളിലോ ഉള്ള തിരുത്തലുകൾ ഒഴികെ മറ്റൊരു തിരുത്തലും പുനഃപരിശോധനയും നടത്തുവാൻ പാടുള്ളതല്ല.

17. <u>ഉത്തരവുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും റെക്കോർഡ് പരിശോധിക്കലും.</u>-(1) അതോറിറ്റി പുറപ്പെടുവിക്കുന്ന അന്തിമ ഉത്തരവുകളുടെ പകർപ്പുകൾ കക്ഷികൾക്ക് സൗജന്യമായി നൽകേണ്ടതാണ്.

(2) ഏതെങ്കിലും പരാതിയിലെ രേഖകൾ അതിലെ കക്ഷികൾക്കോ അവരുടെ പ്രതിനിധികൾക്കോ പരിശോധിക്കേണ്ടതുണ്ടെങ്കിൽ ഒരു പരിശോധനയ്ക്ക് പത്ത് രൂപ നിരക്കിൽ ഫീസടച്ച് സെക്രട്ടറിക്ക് അപേക്ഷ എഴുതി സമർപ്പിക്കേണ്ടതും അതിന്മേൽ അതോറിറ്റി ഉചിതമായ തീരുമാനം എടുക്കേണ്ടതുമാണ്.

18. <u>സെക്രട്ടറിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.-</u> (1) ആക്റ്റോ ഈ ചട്ടങ്ങൾ പ്രകാരമോ അതതുസമയങ്ങളിൽ ചെയർപേഴ്സൺ അല്ലെങ്കിൽ ഭരണ നിർവ്വഹണത്തിന്റെ ചുമതല നൽകപ്പെട്ടിട്ടുള്ള അംഗങ്ങൾ നൽകുന്ന ചുമതലകൾ സെക്രട്ടറി നിർവ്വഹിക്കേണ്ടതും അതോറിറ്റിയുടെ ഔദ്യോഗിക രേഖകളും ഔദ്യോഗിക മുദ്രയും സൂക്ഷിക്കേണ്ടതുമാണ്.

(2) (1)-ാം ഉപചട്ടത്തിന് ഭംഗംവരാതെ ചെയർപേഴ്സന്റെയോ, ഭരണനിർവ്വഹണത്തിന്റെ ചുമതല ഏൽപ്പിച്ചു നൽകിയിട്ടുള്ള അംഗങ്ങളുടെയോ പൊതുവായതോ, പ്രത്യേകമായതോ ആയ ഉത്തരവുകൾക്ക് വിധേയമായി താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും സെക്രട്ടറിക്ക് ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(i) ലഭിച്ച എല്ലാ പരാതികളും, മറ്റു രേഖകളും സ്വീകരിക്കുക;

(ii) പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനു മുമ്പായി പരിശോധിച്ച് ന്യൂനതകൾ ഉണ്ടെങ്കിൽ അവയിൽ തീരുമാനമെടുക്കുക;

(iii) അതോറിറ്റിയുടെ പരിഗണനയ്ക്കായുള്ള പരാതിയിൽ ചട്ടങ്ങൾ പ്രകാരം എന്തെങ്കിലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മാറ്റം വരുത്തേണ്ടതുണ്ടോയെന്ന് തീരുമാനിക്കുക;

(iv) ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിർദ്ദേശാനുസരണം വിചാരണതീയതി തീരുമാനിച്ച് നോട്ടീസ് അയയ്ക്കുക;

(v) രേഖകളിൽ എന്തെങ്കിലും ഭേദഗതി നിർദ്ദേശിക്കുക;

(vi) കക്ഷികൾക്ക് രേഖകളുടെ പകർപ്പ് നൽകുക;

(vii) അതോറിറ്റിയുടെ പക്കലുള്ള രേഖകൾ പരിശോധിക്കാൻ അനുമതി നൽകുക;

(viii) നോട്ടീസ് നൽകൽ, മറ്റ് രേഖകൾ, പരാതികൾ എന്നിവ സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു നൽകൽ, എതിർ സത്യവാങ്മൂലം അല്ലെങ്കിൽ പ്രതിപത്രിക നൽകുന്നതിന് 30 ദിവസത്തിൽ കവിയാത്ത സമയം അനുവദിക്കുകയും പ്രസ്തുത സമയപരിധി കഴിഞ്ഞെയുടൻ ചെയർപേഴ്സണിന്റെയോ, മെമ്പർമാരുടെ യോ ഉത്തരവിനായി സമർപ്പിക്കുകയും ചെയ്യൽ;

(ix) രേഖകൾ തിരികെ ലഭിക്കുന്നതിന് കക്ഷികൾ സമർപ്പിക്കുന്ന അപേക്ഷ തീർപ്പാക്കൽ;

(x) ചെയർപേഴ്സന്റെ നിർദ്ദേശപ്രകാരം ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിൽ നിന്നും രേഖകളോ വിവരമോ ആവശ്യപ്പെടുക.

19. <u>അതോറിറ്റിയുടെ പ്രവർത്തന സമയം</u>.- ചെയർപേഴ്സന്റെ ഉത്തരവിന് വിധേയമായി അതോറിറ്റിയുടെ ഓഫീസ് ഞായറാഴ്ചകളും, മറ്റ് പൊതു അവധി ദിവസങ്ങളും ഒഴികെ രാവിലെ 10.15 മുതൽ വൈകിട്ട് 5.15 വരെ പ്രവർത്തിക്കുന്നതാണ്.

20. <u>അതോറിറ്റിയുടെ സിറ്റിംഗ് സമയം</u>.- അതോറിറ്റിയുടെ സിറ്റിംഗ് രാവിലെ 11 മണിയ്ക്ക് ആരംഭിച്ച് ഒരു മണിക്കൂർ ഉച്ചഭക്ഷണ ഇടവേളയോടെ നിശ്ചയിക്കപ്പെട്ട കേസുകൾ തീരുന്നതോടുകൂടി അവസാനിക്കുന്നതാണ്.

21. <u>ഔദ്യോഗിക മുദ്ര, പതാക, ചിഹ്നം</u>.- അതോറിറ്റിയുടെ ഔദ്യോഗിക മുദ്ര, പതാക, ചിഹ്നം എന്നിവ സർക്കാർ തീരുമാനപ്രകാരമുള്ളവ ആയിരിക്കും.

22. <u>റെക്കോർഡ് സൂക്ഷിക്കൽ</u>.- അതോറിറ്റി പരിഗണിക്കുന്ന ഓരോ പരാതിയുമായി ബന്ധപ്പെട്ട എല്ലാ അവശ്യരേഖകളും, റെക്കോർഡുകളും റെക്കോർഡ് റൂമിൽ സൂക്ഷിക്കുകയും അവ അന്തിമ തീർപ്പിനുശേഷം റെക്കോർഡുകൾ സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് തത്സമയം പ്രാബല്യത്തിലുള്ള മറ്റ് നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി അത്രയും സമയത്തേയ്ക്ക് കൂടി സൂക്ഷിക്കേണ്ടതുമാണ്.

23. <u>ക്വാറം</u>.- യോഗത്തിനായുള്ള ക്വാറം ചെയർപേഴ്സൺ ഉൾപ്പെടെ മൂന്ന് ആയിരിക്കുന്നതാണ്. അതോറിറ്റിയുടെ തീരുമാനങ്ങൾ ഭൂരിപക്ഷവോട്ട് അനുസരിച്ചായിരിക്കും. ഭരണപരവും അതോറിറ്റിയുമായി ബന്ധപ്പെട്ടതുമായ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാര്യങ്ങൾ തീരുമാനിക്കുന്നതിനായി അതോറിറ്റിയുടെ എല്ലാ അംഗങ്ങളും അടങ്ങുന്ന യോഗം ഓരോ മൂന്നു മാസം കൂടുമ്പോഴും നടത്തേണ്ടതാണ്.

24. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധി.- ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗികകാലാവധി അവർ ചെയർപേഴ്സണായോ അംഗങ്ങളായോ ചുമതല ഏറ്റെടുത്ത ദിവസം മുതൽ മൂന്ന് വർഷത്തേയ്ക്ക് ആയിരിക്കുന്നതാണ്.

25. പരാതി മറ്റൊരു ബഞ്ചിന് റഫർ ചെയ്യാനുള്ള അധികാരം- ഒരു പരാതി കേൾക്കുന്ന സമയം ചെയർപേഴ്സണോ, മറ്റ് അംഗങ്ങൾക്കോ, ആ പരാതി പരിഗണിക്കുന്നതിന് കൂടുതൽ അംഗങ്ങൾ ഉൾപ്പെടുന്ന ബഞ്ച് ആവശ്യമാണെന്ന് കരുതുന്ന പക്ഷം ചെയർപേഴ്സൺ അദ്ധ്യക്ഷനായോ, അല്ലെങ്കിൽ ചെയർപേഴ്സൺ തീരുമാനിക്കുന്ന അംഗങ്ങൾ ഉൾപ്പെടുന്നതോ ആയ ഒരു ബെഞ്ചിന്റെ പരിഗണനയ്ക്കായി വിടാവുന്നതാണ്.

26. രാജി.- ചെയർപേഴ്സണോ, അംഗങ്ങൾക്കോ സർക്കാരിനെ അഭിസംബോധന ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി രാജി നൽകാവുന്നതാണ്.

27. ചെയർ പേഴ്സന്റെ ശമ്പളവും ആനുകൂല്യങ്ങളും.-(1) കേരള ഹൈക്കോടതി ജഡ്ജിയ്ക്കു തുല്യമായ പദവിയ്ക്കും ശമ്പളത്തിനും, ബത്തയ്ക്കും മറ്റ് ആനുകൂല്യങ്ങൾക്കും സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർപേഴ്സണ് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ശമ്പളത്തിനും, അലവൻസുകൾക്കും അംഗങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(3) ഒരു അംഗത്തിന് അനുവദിച്ചിട്ടുള്ള ഔദ്യോഗിക കാലാവധിയിൽ നിശ്ചയിച്ചിട്ടുള്ള ശമ്പളം കുറയ്ക്കാൻ പാടില്ലാത്തതും രണ്ട് അനൗദ്യോഗിക അംഗങ്ങളുടെയും ശമ്പളവും, അലവൻസും തമ്മിൽ തുല്യത ഉണ്ടായിരിക്കേണ്ടതുമാണ്.

28. ചെയർപേഴ്സന്റെ സാമ്പത്തികവും, ഭരണപരവുമായ അധികാരങ്ങൾ.- ചെയർപേഴ്സണ് സർക്കാർ നിർദ്ദേശപ്രകാരമുള്ള സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങൾ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെയും, ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളുടെയും മേൽ, അതതു സംഗതി പോലെ, ഉണ്ടായിരിക്കുന്നതാണ്.

29. രജിസ്റ്ററുകളും ഫോമുകളും.- അതോറിറ്റികളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സമൻസ്, നോട്ടീസ്, രജിസ്റ്ററുകൾ എന്നിവയുടെ മാതൃക അതോറിറ്റി നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

30. <u>മുഖ്യ അന്വേഷണ ഉദ്യോഗസ്ഥൻ</u>.- (1) ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പ്രവർത്തിക്കുന്ന പോലീസ് അധികാരികൾ, മുഖ്യ അന്വേഷണ ഉദ്യോഗസ്ഥന് കാര്യക്ഷമമായ കൃത്യനിർവ്വഹണത്തിനായി എല്ലാ സഹായവും ചെയ്തുകൊടുക്കുവാൻ ബാധ്യസ്ഥരാണ്.

(2) മുഖ്യ അന്വേഷണ ഉദ്യോഗസ്ഥന്റെ നിയന്ത്രണ അധികാരി ചെയർപേഴ്സനായിരിക്കുന്നതാണ്.

(3) സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും മുഖ്യ അന്വേഷണ ഉദ്യോഗസ്ഥന് അർഹതയുണ്ടായിരിക്കുന്നതാണ്.

31. <u>അതോറിറ്റിയുടെ ജീവനക്കാർ</u>.- അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരുടെ ഘടന, ജോലി, സ്വഭാവം എന്നിവ സർക്കാർ തീരുമാനിക്കുന്നത് പ്രകാരമായിരിക്കുന്നതാണ്.

32. <u>അതോറിറ്റിയുടെ ജീവനക്കാരുടെ കൃത്യനിർവ്വഹണം</u>.- ചെയർപേഴ്സൺ അല്ലെങ്കിൽ ചെയർപേഴ്സൺ ഭരണ നിർവ്വഹണ ചുമതല ഏൽപ്പിച്ചു നൽകിയിട്ടുള്ള അംഗങ്ങളുടെ നിർദ്ദേശപ്രകാരം അതോറിറ്റിയുടെ ജീവനക്കാർ അവരുടെ കർത്തവ്യ നിർവ്വഹണം നടത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.വിശ്വാസ് മേത്ത,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

## <u>വിശദീകരണക്കുറിപ്പ്</u>

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

2011-ലെ കേരള പോലീസ് ആക്റ്റിലെ (2011-ലെ 8) 110-ാം വകുപ്പ് (5)-ാം ഉപവകുപ്പും (7)-ാം ഉപവകുപ്പും 129-ാം വകുപ്പും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് പ്രസ്തുത ഉപവകുപ്പുകളിൽ പറയുന്ന വിഷയങ്ങൾക്കായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

264/2024.

അനുബന്ധം II

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

©
കേരള സർക്കാർ
Government of Kerala
2020

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2020 ഏപ്രിൽ 17<br>17th April 2020<br>1195 മേടം 4<br>4th Medam 1195<br>1942 ചൈത്രം 28<br>28th Chaithra 1942 | നമ്പർ<br>No. | 1056 |

### കേരള സർക്കാർ

ആഭ്യന്തര (ഇ) വകുപ്പ്

### വിജ്ഞാപനം

തിരുവനന്തപുരം, 2020 ഏപ്രിൽ 16
1195 മേടം 3

സ.ഉ.(അച്ചടി) നമ്പർ 18/2020/ആഭ്യന്തരം

എസ്. ആർ. ഒ. നമ്പർ 275/2020

2011-ലെ കേരള പോലീസ് ആക്റ്റിലെ (2011-ലെ 8) 129-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത് :–

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ചട്ടങ്ങൾ

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.–(1) ഈ ചട്ടങ്ങൾക്ക് 2020–ലെ കേരള പോലീസ് ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ</u>.– (1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,–

(എ) "ആക്റ്റ്" എന്നാൽ 2011–ലെ കേരള പോലീസ് ആക്റ്റ് (2011–ലെ 8) എന്നർത്ഥമാകുന്നു,

(ബി) "ഫാറം' എന്നാൽ ഈ ചട്ടങ്ങളിൽ അനുബന്ധമായി ചേർത്തിട്ടുള്ള ഒരു ഫാറം എന്നർത്ഥമാകുന്നു,

(സി) "ഫണ്ട്" എന്നാൽ ആക്റ്റിലെ 127–ാം വകുപ്പ് പ്രകാരമുള്ള ക്രിമിനൽ ജസ്റ്റിസ് മിസ്സലേനിയസ് എക്സ്പെൻസസ് ഫണ്ട് എന്നർത്ഥമാകുന്നു,

(ഡി) "പെർമിറ്റ്" എന്നാൽ ആക്റ്റിലെ 73–ാം വകുപ്പ് (1)–ാം ഉപവകുപ്പ് പ്രകാരം നല്കിയിട്ടുള്ള പെർമിറ്റ് എന്നർത്ഥമാകുന്നു,

(ഇ) "പൊതുസുരക്ഷ" എന്നാൽ പൊതുജനങ്ങളുടെ സുരക്ഷിതത്വം അഥവാ അപകടത്തിൽ നിന്നോ ആക്രമണത്തിൽ നിന്നോ ഉള്ള അവരുടെ സുരക്ഷ എന്നർത്ഥമാകുന്നു,

(എഫ്) "വകുപ്പ്" എന്നാൽ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആക്റ്റിൽ യഥാക്രമം അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്.

3. <u>കേസ് അന്വേഷണത്തിനായി ഉദ്യോഗസ്ഥരെ പ്രത്യേകമായി ചുമതലപ്പെടുത്തണമെന്ന്</u>.– സംസ്ഥാന പോലീസ് മേധാവിക്കും ജില്ലാ പോലീസ് മേധാവിക്കും അവരുടെ നിയന്ത്രണത്തിലുള്ള കീഴ്‌ദ്യോഗസ്ഥരെ ഏതെങ്കിലും കേസിന്റെ അന്വേഷണത്തിനായി ചുമതലപ്പെടുത്താവുന്നതാണ്.

4. <u>പോലീസിന് സഹായം നൽകുന്നവർക്ക് നിശ്ചിത തുക നല്കണമെന്ന്</u>.– ആക്റ്റിലെ 35–ാം വകുപ്പ് (3)–ാം ഉപവകുപ്പ് പ്രകാരം ഒരാൾ പോലീസിനെ സഹായിക്കുകയും അതുമൂലം വേതനം നഷ്ടപ്പെടുകയും ചെയ്യുന്ന പക്ഷം, അങ്ങനെ നഷ്ടം സംഭവിക്കുന്ന ആൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന തുക നല്കുവാൻ സംസ്ഥാന പോലീസ് മേധാവിക്കോ അദ്ദേഹം ഇതിലേയ്ക്കായി അധികാരപ്പെടുത്തിയിട്ടുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉദ്യോഗസ്ഥനോ അധികാരമുണ്ടായിരിക്കുന്നതാണ്.

5. <u>അവകാശികളില്ലാത്ത ജംഗമവസ്തുക്കളെ സംബന്ധിച്ച നോട്ടീസ്.</u>- അവകാശികളില്ലാത്ത ജംഗമവസ്തുക്കൾ കയ്യൊഴിക്കുന്ന ആവശ്യത്തിലേക്കായി ഫാറം 1 – ൽ സ്റ്റേഷൻ ഹൗസ് ഓഫീസർ ജില്ലാ പോലീസ് മേധാവിക്ക് അറിയിപ്പ് നല്കേണ്ടതും ഫാറം 2 – ൽ ലേലത്തിനുള്ള വിൽപ്പന വിളംബരം മുഖേന തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6. <u>ട്രാഫിക്ക് ക്രമീകരണ സമിതികൾ.</u>- (1) ആക്ടിലെ 72-ാം വകുപ്പ്, (6)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഒരു ജില്ലയിലെ ട്രാഫിക്ക് ക്രമീകരണ സമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജില്ലയ്ക്ക് മൊത്തമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ട്രാഫിക്ക് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമായി താഴെ പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു ജില്ലാതല ട്രാഫിക് ക്രമീകരണസമിതി സർക്കാർ രൂപീകരിക്കേണ്ടതാണ്, അതായത്:-

ജില്ലാ ട്രാഫിക്ക് ക്രമീകരണ സമിതി

| | | | |
|---|---|---|---|
| (i) | ജില്ലാ മജിസ്ട്രേറ്റ് | : | അദ്ധ്യക്ഷൻ |
| (ii) | ജില്ലയിലെ പാർലമെന്റ് അംഗങ്ങൾ | : | അംഗം |
| (iii) | ജില്ലയിലെ നിയമസഭാംഗങ്ങൾ | : | അംഗം |
| (iv) | ജില്ലാ പോലീസ് മേധാവി | : | അംഗം/ കൺവീനർ |
| (v) | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ | : | അംഗം |
| (vi) | പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | : | അംഗം |

(2)ട്രാഫിക്ക് കാര്യങ്ങൾ ക്രമീകരിക്കുന്നതിനായി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ട്രാഫിക്ക് ക്രമീകരണ സമിതികൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ ജില്ലാ പോലീസ് മേധാവി രൂപീകരിക്കേണ്ടതാണ്, അതായത് :-

എ) കോർപ്പറേഷൻ ട്രാഫിക് ക്രമീകരണ സമിതി

| | | |
|---|---|---|
| (i) കോർപ്പറേഷൻ മേയർ | : | അദ്ധ്യക്ഷൻ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) ജില്ലാ മജിസ്ട്രേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

(iii) ജില്ലാ പോലീസ് മേധാവി നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം/കൺവീനർ

(iv) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

(v) പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

ബി) മുൻസിപ്പാലിറ്റി ട്രാഫിക് ക്രമീകരണ സമിതി

(i) മുനിസിപ്പാലിറ്റി അദ്ധ്യക്ഷൻ : അദ്ധ്യക്ഷൻ

(ii) ജില്ലാ മജിസ്ട്രേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

(iii) ജില്ലാ പോലീസ് മേധാവി നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം/ കൺവീനർ

(iv) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

(v) പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

സി) ഗ്രാമ പഞ്ചായത്ത് ട്രാഫിക്ക് ക്രമീകരണ സമിതി

(i) ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് : അദ്ധ്യക്ഷൻ

(ii) ജില്ലാ മജിസ്ട്രേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

(iii) ജില്ലാ പോലീസ് മേധാവി നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം/ കൺവീനർ

(iv) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

https://compose.kerala.gov.in/

നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

(v) പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ : അംഗം

(3) (2)-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള ട്രാഫിക് ക്രമീകരണ സമിതികളുടെ പ്രാദേശിക അധികാരപരിധി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിക്ക് സമാനമായിരിക്കുന്നതാണ്.

(4) 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിലെയും (1988-ലെ 59), 2007-ലെ കേരളാ റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റിലെയും (2007-ലെ 8) അവയ്ക്ക് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും വിധേയമായി ട്രാഫിക്ക് നിയന്ത്രണവും സജ്ജീകരണങ്ങളും സാധ്യമാക്കുന്നതിന് (1)-ഉം (2)-ഉം ഉപചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള വിവിധ ട്രാഫിക്ക് ക്രമീകരണ സമിതികൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. പൊതുജനങ്ങൾക്ക് തടസമുണ്ടാക്കുന്നതോ പരിക്ക് പറ്റുവാൻ ഇടയാക്കുകയോ ചെയ്യാവുന്ന ട്രാഫിക് സംഭവങ്ങൾ ഇല്ലാതാക്കുകയോ ഒഴിവാക്കുകയോ ചെയ്യുന്നതിനും ട്രാഫിക് ക്രമീകരണ സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതും അവയുടെ അങ്ങനെയുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ സർക്കാർ വകുപ്പുകളും പൊതുജനങ്ങളും പാലിക്കേണ്ടതുമാണ്.

(5) ട്രാഫിക്ക് ക്രമീകരണ സമിതികൾ മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും യോഗം ചേരേണ്ടതാണ്.

7. <u>കായിക പരിശീലനത്തിനുള്ള പെർമിറ്റ്</u>.- (1) കായിക പരിശീലന നിയന്ത്രണത്തിന് ഫാറം 5-ൽ പെർമിറ്റ് നൽകുന്നതിനുള്ള അധികാരം ബന്ധപ്പെട്ട സബ് ഡിവിഷണൽ പോലീസ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. പെർമിറ്റ് ലഭിക്കുന്നതിനായി അപേക്ഷകൻ ഫാറം 3-ൽ അപേക്ഷ നല്കേണ്ടതാണ്.

(2) (1)-ാം ഉപചട്ടപ്രകാരമുള്ള പെർമിറ്റ് നൽകുന്നതിന് മുൻപ് കായിക പരിശീലനത്തിന്റെ ആവശ്യകതയെയും ഔചിത്യത്തെയും കുറിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്:

എന്നാൽ, രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഹാനികരമായേക്കാവുന്ന പ്രവർത്തികളിൽ ഏർപ്പെടുന്ന യാതൊരാൾക്കും പെർമിറ്റ് നല്കുവാൻ പാടുള്ളതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) (1)-ാം ഉപചട്ടപ്രകാരമുള്ള പെർമിറ്റിന്റെ കാലാവധി രണ്ടു വർഷം ആയിരിക്കുന്നതാണ്.

(4) പെർമിറ്റ് പുതുക്കുന്നതിനായി നിലവിലുള്ള പെർമിറ്റിന്റെ കാലാവധി തീരുന്നതിന് മുപ്പത് ദിവസം മുമ്പ് ഈ ചട്ടങ്ങളിലെ ഫാറം 4 – ൽ അപേക്ഷ നൽകേണ്ടതാണ്.

(5) പെർമിറ്റ് ലഭിക്കുന്നതിനും അത് പുതുക്കുന്നതിനും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസ് അപേക്ഷകൻ നല്കേണ്ടതാണ്.

(6) കായിക പരിശീലന കേന്ദ്രത്തിൽ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്, അതായത് :-

എ. *പരിശീലനം നേടുന്നവരെ സംബന്ധിച്ച രജിസ്റ്റർ.-* പരിശീലനം നേടുന്ന ആളിന്റെ പേര്, ഫോട്ടോ, മേൽവിലാസം, പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. പരിശീലനം നേടുന്ന ആൾ പ്രായപൂർത്തിയാകാത്തിടത്ത്, രക്ഷകർത്താവിന്റെ സമ്മതപത്രം രജിസ്റ്ററിൽ ഒട്ടിച്ച് സൂക്ഷിക്കേണ്ടതാണ്. ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പക്ഷം, പ്രസ്തുത വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ബി. *പരിശീലകരെ സംബന്ധിച്ച രജിസ്റ്റർ.-* പരിശീലകരുടെ പേര്, ഫോട്ടോ, മേൽവിലാസം, പ്രായം, വിദ്യാഭ്യാസ യോഗ്യത, പരിശീലനം നടത്തുന്നതിനുള്ള യോഗ്യത എന്നിവയും ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പക്ഷം പ്രസ്തുത വിവരവും ഈ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

സി. *ഹാജർ രജിസ്റ്റർ.-* പരിശീലനം നേടുന്നവരുടെയും പരിശീലകരുടെയും ഹാജർ സംബന്ധമായ വിശദാംശങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

ഡി. *ഫീസ് വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ.-* പരിശീലന കേന്ദ്രത്തിൽ പരിശീലനത്തിനായി ലഭിക്കുന്ന ഫീസിന്റെ വിവരങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

ഇ. *പരിശീലനത്തിനുള്ള ഉപകരണങ്ങൾ സംബന്ധിച്ച രജിസ്റ്റർ.-* പരിശീലനത്തിനായി ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ വിശദവിവരങ്ങൾ ഈ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

(7) രാവിലെ 5 മണിക്കു മുമ്പും രാത്രി 9 മണിക്കു ശേഷവും കായിക പരിശീലനം നടത്തുവാൻ പാടുള്ളതല്ല.

8. <u>പോലീസ് ഉദ്യോഗസ്ഥർക്കുള്ള അധികാരത്തിന്റെ രേഖ നിയമനാധികാരി നല്കേണ്ടതാണെന്ന്</u> .-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആക്ടിലെ 88-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അധികാരത്തിന്റെ രേഖ നൽകുവാനുള്ള അധികാരം ബന്ധപ്പെട്ട നിയമനാധികാരിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

9. <u>പോലീസ് അസോസിയേഷനുകൾ നിലവിലുള്ള നിയമങ്ങൾക്കും സർക്കാരിന്റെ നിയന്ത്രണങ്ങൾക്കും വിധേയമായി പ്രവർത്തിക്കണമെന്ന്</u> .- (1) പോലീസ് ഉദ്യോഗസ്ഥരുടെ പൊതുവായ ക്ഷേമ പ്രവർത്തനങ്ങൾക്കായി വ്യത്യസ്ത റാങ്കുകളിലും വിഭാഗങ്ങളിലുമുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് നിലവിലുള്ള നിയമങ്ങൾക്കും സർക്കാരിന്റെ നിയന്ത്രണങ്ങൾക്കും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായി, പോലീസ് സേനയുടെ അച്ചടക്കത്തിന് കോട്ടം വരാത്തവിധം പോലീസ് അസോസിയേഷനുകൾ രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

(2) യാതൊരു വിധ രാഷ്ട്രീയ പ്രവർത്തനങ്ങളിലും പോലീസ് അസോസിയേഷനുകൾ പ്രത്യക്ഷമായോ പരോക്ഷമായോ പങ്കെടുക്കുവാനോ ബന്ധപ്പെടുവാനോ പാടുള്ളതല്ല.

(3) പോലീസ് അസോസിയേഷനിലെ അംഗങ്ങളുടെയും ഭാരവാഹികളുടെയും പ്രവർത്തനം മൂലം ഔദ്യോഗിക കൃത്യനിർവ്വഹണങ്ങൾക്കും ചുമതലകൾക്കും യാതൊരു തരത്തിലുള്ള വീഴ്ചകളും ഭംഗങ്ങളും സംഭവിക്കാൻ പാടുള്ളതല്ല.

(4) രണ്ടുവർഷത്തിൽ കൂടുതൽ തുടർച്ചയായി ഒരംഗം ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ പോലീസ് അസോസിയേഷൻ ഭാരവാഹിത്വം വഹിക്കുവാൻ പാടുള്ളതല്ല:

എന്നാൽ, മൂന്ന് വർഷത്തെ ഇടവേളയ്ക്ക് ശേഷം ഒരാൾക്ക് വീണ്ടും അസോസിയേഷന്റെ ഭാരവാഹിത്വം വഹിക്കുന്നതിന് തടസമുണ്ടായിരിക്കുന്നതല്ല.

(5) പോലീസ് അസോസിയേഷന്റെ യാതൊരു ഭാരവാഹിയും സംസ്ഥാന പോലീസ് മേധാവിയുടെ മുൻകൂർ അനുമതി കൂടാതെ പത്ര, ദൃശ്യ, സാമൂഹ്യമാധ്യമങ്ങളുമായി ആശയ വിനിമയം നടത്തുകയോ ഏതെങ്കിലും വിവരം പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(6) പോലീസ് അസോസിയേഷനുകൾ പോലീസ് സേനാംഗങ്ങളിൽ നിന്നും നിർബന്ധിതമായ പണപ്പിരിവ് നടത്തുവാൻ പാടുള്ളതല്ല.

(7) പോലീസ് അസോസിയേഷനുകൾ സ്വകാര്യ വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ പണമോ വസ്തുക്കളോ മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളോ സ്വീകരിക്കുവാൻ പാടുള്ളതല്ല.

(8) പോലീസ് അസോസിയേഷനുകളുടെ സമ്മേളനങ്ങൾ ഒരു ദിവസത്തിൽ കൂടുതൽ നീണ്ടുനിൽക്കുവാൻ പാടുള്ളതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(9) പോലീസ് സർവ്വീസിൽ നിലവിലുള്ള പോലീസ് സേനാംഗമല്ലാത്ത യാതൊരാളും അസോസിയേഷനുകളിൽ അംഗത്വമോ ഭാരവാഹിത്വമോ വഹിക്കുവാൻ പാടുള്ളതല്ല.

10. <u>കുറ്റങ്ങൾ രാജിയാക്കൽ</u>.- ആക്ട് പ്രകാരമുള്ള കൊഗ്നൈസിബിൾ അല്ലാത്ത കുറ്റങ്ങൾ രാജിയാക്കുന്നതിന് താഴെപറയുന്ന കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കേണ്ടതാണ്, അതായത്:-

| വകുപ്പ് | കുറ്റം | കോമ്പൗണ്ടിംഗ് ഫീസ് (രൂപ) | രാജിയാക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥൻ |
|---|---|---|---|
| (1) | (2) | (3) | (4) |
| 117(എ) | പോലീസ് സേനയിലെ ഏതൊരംഗത്തെയും അയാളുടെ സേവനങ്ങളെ തടയുന്നതിനോ അച്ചടക്കലംഘനം നടത്തുന്നതിനോ പ്രേരിപ്പിക്കുക | 5000 | ജില്ലാ പോലീസ് മേധാവി |
| 117(ബി) | പോലീസിന്റേതായ ഏതെങ്കിലും ചുമതലയോ അധികാരമോ നിയമവിരുദ്ധമായി ഏറ്റെടുക്കുക | 5000 | ജില്ലാ പോലീസ് മേധാവി |
| 117(സി) | നിർദോഷമായി വിനോദ ആവശ്യത്തിനൊഴികെ പോലീസ് ഉദ്യോഗസ്ഥനായി ആൾമാറാട്ടം നടത്തുക | 5000 | ജില്ലാ പോലീസ് മേധാവി |
| 117(ഡി) | ഒരു അന്വേഷണത്തിലോ യഥാവിധിയായ പോലീസിന്റെ കൃത്യനിർവ്വഹണത്തിലോ സാരവത്തായ വിവരങ്ങളിൽ പോലീസ് അന്വേഷണത്തെ വഴി തെറ്റിക്കുക എന്ന ഉദ്ദേശ്യത്തോടെ തെറ്റായ സ്റ്റേറ്റ്മെന്റ് മനഃപൂർവ്വം ഒരു പോലീസ് ഉദ്യോഗസ്ഥന് നൽകുക | 5000 | ജില്ലാ പോലീസ് മേധാവി |
| 117(ഇ) | ഒരു പോലീസ് ഉദ്യോഗസ്ഥനെ ഏതെങ്കിലും കൃത്യനിർവ്വഹണത്തിൽ നിന്നും തടയണമെന്ന പ്രത്യക്ഷമായ ഉദ്ദേശ്യത്തോടെ ഭീഷണിപ്പെടുത്തുക അല്ലെങ്കിൽ തടയുക അല്ലെങ്കിൽ കയ്യേറ്റം ചെയ്യുക | 5000 | ജില്ലാ പോലീസ് മേധാവി |
| 118(എ) | പൊതുസ്ഥലത്ത് ലഹരിക്കടിമപ്പെട്ട നിലയിലോ ലഹളയുണ്ടാക്കുന്നവനായോ സ്വയം തന്നെ ശ്രദ്ധിക്കാൻ അശക്തനായോ കാണപ്പെടുക. | 1000 | ജില്ലാ പോലീസ് മേധാവി |
| 118(ബി) | അറിഞ്ഞു കൊണ്ട് പോലീസിനെയോ ഫയർ സർവ്വീസിനെയോ മറ്റേതെങ്കിലും അവശ്യസർവ്വീസിനെയോ വഴി തെറ്റിക്കാൻ കിംവദന്തി | 5000 | ജില്ലാ പോലീസ് മേധാവി |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | പരത്തുകയോ വ്യാജമായി അപകടസൂചന നൽകുകയോ ചെയ്യുക | | |
| 118(സി) | അറിഞ്ഞു കൊണ്ട് മനപൂർവ്വമായും പൊതുജനങ്ങൾക്കിടയിൽ പൊതു പരിഭ്രാന്തിയുണ്ടാക്കുവാനായി ഒരു അവശ്യ സർവ്വീസിന് കേട് വരുത്തുക | 5000 | ജില്ലാ പോലീസ് മേധാവി |
| 118(ഇ) | അറിഞ്ഞുകൊണ്ട് പൊതുജനങ്ങൾക്ക് അപായമുണ്ടാക്കുന്നതോ പൊതു സുരക്ഷയിൽ വീഴ്ചയുണ്ടാക്കുന്നതോ ആയ ഏതെങ്കിലും പ്രവൃത്തി ചെയ്യുക | 5000 | ജില്ലാ പോലീസ് മേധാവി |
| 118(എഫ്) | നിയമാനുസൃതം അങ്ങനെ ചെയ്യാൻ അധികാരപ്പെടുത്താതെ സ്ഫോടക വസ്തുക്കളോ അപകടകരമായ പദാർത്ഥങ്ങളോ കടത്തിക്കൊണ്ടുപോകുക | 5000 | ജില്ലാ പോലീസ് മേധാവി |
| 118(ജി) | ഒരു ഗുണ്ടയോ റൗഡിയോ ആയിരിക്കെ 2007-ലെ കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റിൽ (2007-ലെ 34) നിർവ്വചിച്ച പ്രകാരമുള്ള ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവർത്തനം സുസാദ്ധ്യമാക്കുന്നതിനായി സമീപപ്രദേശത്ത് ഏതെങ്കിലും കുറ്റകൃത്യത്തിന് ഉപയോഗിക്കാൻ ഉപയുക്തമായ സാമഗ്രികൾ കൈവശം വച്ചുകൊണ്ട് സംശയാസ്പദമായ സാഹചര്യങ്ങളിൽ ഒരു പൊതുസ്ഥലത്ത് കാണപ്പെടുക | 5000 | ജില്ലാ പോലീസ് മേധാവി |
| 118(എച്ച്) | 73-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയോ, അതിന് വിരുദ്ധമായി കായിക പരിശീലനം നൽകുകയോ, ചെയ്യുക | 5000 | ജില്ലാ പോലീസ് മേധാവി |
| 118(ഐ) | പതിനെട്ട് വയസ്സിൽ താഴെയുള്ളവർക്ക് ലഹരി പദാർത്ഥങ്ങളോ കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളോ പദാർത്ഥങ്ങളോ നൽകുകയോ വില്ക്കുകയോ അതിനായി സ്കൂൾ പരിസരത്ത് സംഭരിക്കുകയോ ചെയ്യുക | 5000 | ജില്ലാ പോലീസ് മേധാവി |
| 119(2) | ബന്ധപ്പെട്ട സേവനദാതാവിനോടോ, പൊതുസ്ഥലത്തിന്റെ ചുമതലയുള്ള വ്യക്തിയോടോ അവരുടെ സാന്നിദ്ധ്യത്തിൽ 119-ാം വകുപ്പ്(1)-ാം | 5000 | ജില്ലാ പോലീസ് മേധാവി |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | ഉപവകുപ്പ് പ്രകാരമുള്ള ഒരു കുറ്റം നടന്നുവെന്ന് പ്രസ്തുത കുറ്റത്തിനിരയായ സ്ത്രീ പരാതിപ്പെടുകയാണെങ്കിൽ അവർ തത്സമയം കുറ്റകൃത്യം തടയുവാനോ അല്ലെങ്കിൽ അതിനെക്കുറിച്ച് ബന്ധപ്പെട്ട അധികാരികളെ അറിയിക്കുവാനോ ന്യായമായ നടപടി സ്വീകരിക്കാതെ ബോധപൂർവ്വം വീഴ്ച വരുത്തുകയും ചെയ്യുക | | |
| 120 (എ) | ഒരു പൊതുസ്ഥലത്ത്, പൊതുജനങ്ങൾക്ക് അസഹ്യതയോ അസൗകര്യമോ ഉണ്ടാക്കിക്കൊണ്ട് ഫർണിച്ചർ സാധനങ്ങളോ വാഹനമോ വൃത്തിയാക്കുകയോ ഏതെങ്കിലും മൃഗത്തെ കശാപ്പ് ചെയ്യുകയോ ശവം വൃത്തിയാക്കുകയോ ഏതെങ്കിലും മൃഗത്തെ പരിപാലിക്കുകയോ ചെയ്യുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(ബി) | പൊതുജനത്തിന് തടസ്സമോ അസൗകര്യമോ അപായമോ ഉണ്ടാക്കുന്ന രീതിയിൽ ഏതെങ്കിലും വാഹനത്തേയോ ഗതാഗത ഉപാധിയേയോ നിലകൊള്ളാൻ കാരണമാവുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(സി) | ഒരു ട്രാഫിക്ക് ചിഹ്നത്തെയോ സൈൻ ബോർഡിനേയോ അതിന്റെ ദൃശ്യതയോ പാരായണ ക്ഷമതയെയോ കുറച്ചുകൊണ്ട് വികൃതമാക്കുകയോ മറയ്ക്കുകയോ ചെയ്യുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(ഡി) | ഉടമസ്ഥന്റേയോ സൂക്ഷിപ്പുകാരന്റെയോ മുൻകൂർ അനുവാദമില്ലാതെ ഭിത്തികൾ, കെട്ടിടങ്ങൾ അല്ലെങ്കിൽ മറ്റു നിർമ്മിതികൾ എന്നിവയെ വികൃതമാക്കുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(ഇ) | ജലസ്രോതസ്സുകളേയോ ജലവിതരണത്തേയോ മലിനമാക്കുകയോ പൊതു ശുചീകരണ നടപടികളെ തടസ്സപ്പെടുത്തുകയോ പൊതു സ്ഥലങ്ങൾ വൃത്തിഹീനമാക്കുകയോ നിയമ വിരുദ്ധമായി പരിസ്ഥിതിക്ക് സാരമായ കേടുണ്ടാക്കുകയോ ചെയ്യുക | 1000 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(എഫ്) | ഒരു സർക്കാർ കെട്ടിടത്തിലോ സർക്കാർ ഭൂമിയിലോ അതിക്രമിച്ചു കടക്കുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120 (ജി) | മോട്ടോർ ഘടിപ്പിക്കാത്ത ഏതൊരു വാഹനവും സൂര്യാസ്തമയത്തിന് അര മണിക്കൂറിന് ശേഷവും സൂര്യോദയത്തിന് ഒരു മണിക്കൂറിന് മുൻപും ഉള്ള ഏതൊരു സമയത്തും ആവശ്യമായ വെളിച്ചമില്ലാതെ | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | ഓടിച്ചുകൊണ്ടോ വലിച്ചുകൊണ്ടോ തള്ളിക്കൊണ്ടോ പോവുക | | |
| 120(എച്ച്) | വ്യതിചലനത്തിന് യഥാർത്ഥമായ ആവശ്യമോ തക്കതായ കാരണമോ ഇല്ലാതെ മോട്ടോർ ഘടിപ്പിക്കാത്ത ഏതെങ്കിലും വാഹനം തെരുവിൽ ഓടിച്ചോ വലിച്ചു കൊണ്ടോ തള്ളിക്കൊണ്ടോ പോകുമ്പോൾ,-<br>i) മറ്റേതെങ്കിലും വാഹനത്തെ മറികടന്നു പോകുമ്പോൾ അതിന്റെ വലതു ഭാഗത്തിലൂടെയും<br>ii) മറ്റേതെങ്കിലും വാഹനം എതിരെ വരുമ്പോൾ തെരുവിന്റെ ഇടതുവശം ചേർന്നും, പോകാതിരിക്കുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(ഐ) | വാഹനത്തിന്റെയോ വാഹനങ്ങളുടെയോ മുന്നിൽ നിന്നും അല്ലെങ്കിൽ പിന്നിൽ നിന്നും അഞ്ച് അടി കവിഞ്ഞ് തള്ളി നിൽക്കുന്ന ഏതെങ്കിലും സാധനം വെച്ചിട്ടുള്ള വാഹനമോ വാഹനങ്ങളോ തെരുവിലൂടെ കടത്തുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(ജെ) | ഏതെങ്കിലും മൃഗത്തെയോ വാഹനത്തെയോ ഓടിക്കുന്നതിലോ നോക്കി നടത്തുന്നതിലോ ശ്രദ്ധിക്കുന്നതിലോ സംഭവിച്ച എന്തെങ്കിലും ഉദാസീനത മൂലമോ തെറ്റായ ഉപയോഗം മൂലമോ എന്തെങ്കിലും പരിക്കോ കേടുപാടോ ഉണ്ടാകുക | 1000 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(കെ) | പൊതുസ്ഥലത്ത് മറ്റുള്ളവർക്ക് ശല്യമുണ്ടാക്കുന്ന വിധം ബോധപൂർവ്വം മലമൂത്രവിസർജ്ജനം ചെയ്യുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(എൽ) | തന്റെ കരുതലിലോ നിയന്ത്രണത്തിലോ ഉള്ളതും അരുമയായി വളർത്തുന്നതുമായ മൃഗങ്ങളെ തക്കതായി ശ്രദ്ധിക്കാതിരിക്കുകയും അയൽവാസികൾക്കോ പൊതുജനങ്ങൾക്കോ അസൗകര്യങ്ങൾ ഉണ്ടാക്കുന്ന വിധം അവയെ അലക്ഷ്യമായി വിടുകയും ചെയ്യുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(എം) | ഉടമസ്ഥന്റെ അറിവും സമ്മതവുമില്ലാതെ പ്രകടമായി പതിനാല് വയസ്സിന് താഴെയുള്ള കുട്ടികളിൽ നിന്നും ആഭരണം, വാച്ച്, പേന, സൈക്കിൾ, പാത്രം അല്ലെങ്കിൽ വിലപിടിപ്പുള്ള മറ്റു സാധനം എന്നിവ വാങ്ങുകയോ അത്തരം ആളിൽ നിന്ന് ഏതെങ്കിലും സാധനം പണയത്തിന്മേലോ ഈടിന്മേലോ എടുക്കുകയോ ചെയ്യുക | 1000 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(എൻ) | വേണ്ടത്ര മുൻകരുതലില്ലാതെയും പൊതു സുരക്ഷ | 1000 | സ്റ്റേഷൻ ഹൗസ് |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | കണക്കിലെടുക്കാതെയും അയാൾക്ക് നിയന്ത്രണമുള്ള സ്ഥലത്തോ പരിസരത്തോ അപകടകരമായ എന്തെങ്കിലും പ്രവർത്തി ചെയ്യുകയോ ചെയ്യാൻ അനുവദിക്കുകയോ ചെയ്യുക | | ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(ഒ). | ഏതെങ്കിലും തരത്തിലുമുള്ള വിനിമയോപാധിയിലൂടെ ആവർത്തിച്ചുള്ളതോ അനഭിമതമായതോ അജ്ഞാതമായതോ ആയ വിളി, കത്ത്, എഴുത്ത്, സന്ദേശം, ഇ-മെയിൽ എന്നിവ വഴിയോ ദൂതൻ വഴിയോ സ്വയം ഏതെങ്കിലും ഒരാളിന് ശല്യമായി തീരുക | 1000 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(പി) | ഏതെങ്കിലും പൊതുസ്ഥലത്ത് പൊതുവായതോ സ്വകാര്യമായതോ ആയ ഏതെങ്കിലും സേവനം ക്രമപ്രകാരം കൊടുക്കുവാനോ സ്വീകരിക്കുവാനോ ഉപയോഗിക്കുവാനോ വേണ്ടി രൂപീകരിച്ച ഏതെങ്കിലും കൃ തെറ്റിക്കുക | .500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 120(ക്യൂ) | മാനനഷ്ടമുണ്ടാക്കുന്നതോ ഭീഷണിപ്പെടുത്തുന്നതോ ആയ ഏതെങ്കിലും രേഖ രചയിതാവിന്റെ തിരിച്ചറിയൽ മറച്ചുവെച്ച് എവിടെയെങ്കിലും ഒട്ടിച്ചു വെയ്ക്കുകയോ പതിക്കുകയോ ചെയ്യുക | 1000 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |
| 121 | ഈ ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലെയോ ഉത്തരവിലെയോ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ ചെയ്യുക | 500 | സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ |

11. <u>കോഗ്നൈസിബിൾ അല്ലാത്ത കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>.-

(1) കോഗ്നൈസിബിൾ അല്ലാത്ത ഏതെങ്കിലും കുറ്റത്തെ സംബന്ധിച്ച് ഏതെങ്കിലും ആളിന് പട്ടിക ബി അനുസരിച്ച് നോട്ടീസ് നൽകുമ്പോൾ, അയാൾക്ക് പട്ടിക സി പ്രകാരമുള്ള താൽപര്യ പത്രത്തിന്റെ പകർപ്പും നൽകേണ്ടതാണ്.

(2) (1)-ാം ഉപചട്ടപ്രകാരം അപ്രകാരം നോട്ടീസ് നല്കുകയും പട്ടിക സി പ്രകാരമുള്ള താല്പര്യ പത്രത്തിലെ വ്യവസ്ഥകൾ പാലിക്കുവാൻ കുറ്റാരോപിതന് സമ്മതവുമുള്ള പക്ഷം, സ്റ്റേഷൻ ഹൗസ് ഓഫീസർ അങ്ങനെയുള്ള കുറ്റങ്ങൾ രാജിയാക്കിക്കൊണ്ട് പട്ടിക ഡി അനുസരിച്ച് ഉത്തരവ് നല്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) (1)-ഉം (2)-ഉം ഉപചട്ടങ്ങളിലെ നോട്ടീസ് നല്കലും അവയുടെ രാജിയാക്കലും സംബന്ധിച്ച എല്ലാ വിവരങ്ങളും പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കുന്ന സാധാരണ പെറ്റി കേസ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

(4) അങ്ങനെയുള്ള രാജിയാക്കൽ തുക ടി. ആർ 5 രസീത് മുഖേന കുറ്റാരോപിതനിൽ നിന്നും ഈടാക്കി കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. പ്രസ്തുത തുക ഓൺലൈൻ മുഖേനയും അടയ്ക്കാവുന്നതാണ്.

(5) അങ്ങനെയുള്ള രാജിയാക്കൽ തുക എത്രയും പെട്ടെന്ന് നിർദ്ദിഷ്ട ശീർഷകത്തിൻ കീഴിൽ വരവ് വച്ചുകൊണ്ട് ക്രിമിനൽ ജസ്റ്റിസ് മിസലേനിയസ് എക്സ്പെൻസസ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

12. <u>കോമ്പൗണ്ടബിൾ കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>.-

(1) 126-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള, കോമ്പൗണ്ടബിളും രാജിയാക്കാവുന്നതുമായ കുറ്റങ്ങളുടെ സംഗതിയിൽ, പോലീസ് സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ മറ്റ് വിധത്തിൽ കുറ്റാരോപിതന് പട്ടിക സി പ്രകാരം അങ്ങനെയുള്ള കുറ്റങ്ങൾ രാജിയാക്കുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അങ്ങനെയുള്ള അപേക്ഷകളിൽമേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നൽകേണ്ടതും രാജിയാക്കൽ ആവശ്യപ്പെടുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് അഭിപ്രായ സഹിതം സ്റ്റേഷൻ ഹൗസ് ഓഫീസർ ജില്ലാ പോലീസ് മേധാവിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപചട്ടപ്രകാരം കുറ്റാരോപിതന്റെ അപേക്ഷയും സ്റ്റേഷൻ ഹൗസ് ഓഫീസറുടെ റിപ്പോർട്ടും പരിശോധിച്ച് ജില്ലാ പോലീസ് മേധാവിക്ക് അങ്ങനെയുള്ള കുറ്റങ്ങൾ രാജിയാക്കിക്കൊണ്ട് പട്ടിക ഡി പ്രകാരം ഉത്തരവ് നല്കാവുന്നതും പ്രസ്തുത ഉത്തരവ് നിർദ്ദിഷ്ട തുക ഈടാക്കുന്നതിലേയ്ക്കായി സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അയച്ചു കൊടുക്കേണ്ടതുമാണ്.

(3) അങ്ങനെയുള്ള രാജിയാക്കലുകളെ സംബന്ധിച്ച വിവരങ്ങൾ പ്രഥമ വിവര റിപ്പോർട്ട് സൂചികയിലും രാജിയാക്കൽ കേസ്സുകളുടെ രജിസ്റ്ററിലും ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

13. <u>രാജിയാക്കലിന്റെ പൊതുവായ നിർദ്ദേശങ്ങൾ</u>.- (1) സബ് ഇൻസ്പെക്ടർ പദവിയിൽ താഴെയുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം നടന്നതായി കണ്ടെത്തുന്ന പക്ഷം, ആ ഉദ്യോഗസ്ഥന് പട്ടിക എ അനുസരിച്ചുള്ള ഒരു റിപ്പോർട്ട് സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് പട്ടിക ബി അനുസരിച്ചുള്ള നോട്ടീസ് കുറ്റാരോപിതന് നൽകുകയോ അല്ലെങ്കിൽ ഒരു പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യുകയോ ചെയ്യാവുന്നതാണ്.

(2) ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം നടന്നതായി ഒരു പോലീസ് സബ് ഇൻസ്പെക്ടർ കണ്ടെത്തുന്ന പക്ഷം ആ ഉദ്യോഗസ്ഥന് ഒരു റിപ്പോർട്ട് പട്ടിക എ അനുസരിച്ച് സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നൽകുകയോ അല്ലെങ്കിൽ ഒരു പ്രാഥമിക അന്വേഷണ റിപ്പോർട്ട് രജിസ്റ്റർ ചെയ്യുകയോ ചെയ്യാവുന്നതാണ്.

(3) കൊഗ്നൈസിബിൾ അല്ലാത്ത കുറ്റങ്ങളുടെ സംഗതിയിൽ, നോട്ടീസ് ലഭിച്ച് മുപ്പത് ദിവസത്തിനകം രാജിയാക്കുന്നതിനുള്ള സന്നദ്ധത കുറ്റാരോപിതൻ അറിയിക്കാത്ത പക്ഷം അനന്തരനടപടികൾക്കായി റിപ്പോർട്ട് ബന്ധപ്പെട്ട കോടതിക്ക് അയക്കേണ്ടതാണ്. കൊഗ്നൈസിബിൾ കുറ്റങ്ങളുടെ സംഗതിയിൽ പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യുതിനുശേഷം മുപ്പത് ദിവസത്തിനകം രാജിയാക്കുന്നതിനുള്ള സന്നദ്ധത കുറ്റാരോപിതൻ അറിയിക്കാത്തിടത്ത്, കുറ്റപത്രം കോടതി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

14. <u>രാജിയാക്കലിനെ സംബന്ധിച്ച രേഖകൾ സൂക്ഷിക്കണമെന്ന്</u>.- ആക്റ്റ് പ്രകാരം കൊഗ്നൈസിബിളും കൊഗ്നൈസിബിൾ അല്ലാത്തതുമായ കുറ്റങ്ങൾ രാജിയാക്കലുമായി ബന്ധപ്പെട്ട രേഖകൾ, കേരളാ പോലീസ് മാനുവലിൽ പെറ്റികേസ് രജിസ്റ്ററുകളിലും കുറ്റപത്രങ്ങളിലും വ്യക്തമാക്കിയിട്ടുള്ള കാലയളവുവരെയോ അല്ലെങ്കിൽ ഇക്കാര്യത്തിലേയ്ക്കായി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവ് വരെയോ സൂക്ഷിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുബന്ധം

ഫാറം 1

(ചട്ടം 5 കാണുക)

പ്രേഷകൻ

സ്റ്റേഷൻ ഹൗസ് ഓഫീസർ

....................പോലീസ് സ്റ്റേഷൻ

....................ജില്ല

സ്വീകർത്താവ്

ജില്ലാ പോലീസ് മേധാവി

....................ജില്ല

(അംഗീകൃതമാർഗ്ഗം)

സർ,

വിഷയം:- അവകാശികളില്ലാത്ത വസ്തുക്കളുടെ കാര്യത്തിൽ പോലീസ് നടപടിക്കുള്ള അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:- 2011-ലെ കേരളാ പോലീസ് ആക്റ്റിലെ (2011-ലെ 8) 56-ാം വകുപ്പ്

സൂചനയിലേക്ക് ശ്രദ്ധ സവിനയം ക്ഷണിക്കുന്നു.

താഴെ വിവരിക്കുന്ന വസ്തുക്കൾ ദീർഘകാലമായി പോലീസ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിച്ച് വരുന്നതും നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതുമാണ്. ടി വസ്തുക്കൾ പോലീസിന്റെ കൈവശത്തിൽ എത്തിച്ചേർന്നിട്ടുള്ളതും, നാളിതുവരെ അവകാശികളില്ലാത്തതും അല്ലെങ്കിൽ ആയത് ഏറ്റെടുക്കുന്നതിന് നിരസിച്ചിട്ടുള്ളതുമാണ്. മേൽപറഞ്ഞ ആക്റ്റിലെ 56-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശീയനും ആദരണീയനുമായ പേര്.................... .................... മേൽവിലാസം.................... ഫോൺനമ്പർ .................... എന്ന ആളെ കൊണ്ട് ഉദ്ദേശ കമ്പോള വില നിശ്ചയിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ടി വസ്തുക്കൾ നിയമപ്രകാരം ലേലം ചെയ്ത് വിൽപ്പന നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് സവിനയം അപേക്ഷിച്ച് കൊള്ളുന്നു.

സ്ഥലം :

തീയതി :

സ്റ്റേഷൻ ഹൗസ് ഓഫീസർ

....................പോലീസ് സ്റ്റേഷന്

....................ജില്ല

പകർപ്പ്:- ബന്ധപ്പെട്ട എക്സിക്യൂട്ടീവ് മജിസ്റ്റ്രേറ്റിന്റെ അറിവിലേക്കായി.

സാക്ഷ്യപത്രം

മേൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ ഞാൻ പരിശോധിച്ചിട്ടുള്ളതും, ലഭ്യമായ സ്റ്റേഷൻ രേഖകൾ കൊണ്ടും, മറ്റ് വിധത്തിലും എന്റെ അറിവിലും ഉത്തമവിശ്വാസത്തിലുംപ്പെട്ടിടത്തോളം ശരിയെന്ന് ബോധ്യപ്പെട്ടിട്ടുള്ളതായി ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി :

സ്റ്റേഷൻ ഹൗസ് ഓഫീസർ

.................... പോലീസ് സ്റ്റേഷൻ

.................... ജില്ല

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം 2

ലേലത്തിനുള്ള വിൽപ്പന വിളംബരം

(ചട്ടം 5 കാണുക)

മുകളിൽ സൂചിപ്പിച്ച നിയമ വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ, ചുവടെ ചേർക്കപ്പെട്ടിട്ടുള്ള പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ................................ ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ, അവകാശികളില്ലാത്തതെന്ന് കരുതുന്ന വസ്തുക്കൾ ലേലം ചെയ്ത് വിൽപ്പന നടത്തുന്നതിനായി ഇതിനാൽ ...................... ജില്ലാ പോലീസ് മേധാവി തീരുമാനിച്ചിട്ടുള്ളതാണ്.

വിൽപ്പന പൊതു ലേലത്തിലായിരിക്കുകയും, അവകാശികളില്ലാത്തതായ വസ്തുക്കളും വസ്തുക്കളുടെ ഭാഗങ്ങളും പട്ടികയിൽ വിനിർദ്ദേശിക്കപ്പെട്ട ഇനങ്ങളിൽ ഉൾപ്പെടുത്തി വിൽപ്പനക്കായി നീക്കിവച്ചിട്ടുള്ളതാണ്.

വിൽപ്പനക്കായുള്ള ലേലത്തിലേക്ക് പൊതുജനങ്ങൾ പൊതുവായി, നേരിട്ടോ, അംഗീകൃത ഏജന്റ് മുഖേനയോ ക്ഷണിക്കപ്പെടുന്നു.

ഈ വിളംബരം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ മുപ്പത് ദിവസത്തിനകം ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർ മുമ്പാകെ ഹാജരായി ബന്ധപ്പെട്ട രേഖകൾ സഹിതം ഏതെങ്കിലും ആൾ തന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കുകയും, അയാൾക്ക് അതിന്റെ അവകാശം ഉണ്ടെന്ന് ബോധ്യപ്പെടുകയും ചെയ്യുന്ന പക്ഷം ആയതിന്റെ പിടിച്ചെടുക്കലിനും സൂക്ഷിപ്പിനും നിശ്ചയിക്കപ്പെട്ട ഫീസ് ഈടാക്കിയതിനു ശേഷം അത് വിട്ടുകൊടുക്കാൻ ഉത്തരവാകുന്നതാണ്.

നീട്ടിവയ്ക്കുന്നതിനുള്ള ഏതെങ്കിലും ഒരു ഉത്തരവിന്റെ അഭാവത്തിൽ വിൽപ്പന അതാത് പോലീസ് സ്റ്റേഷനുകളിൽ വച്ച് താഴെ പറയുന്ന തീയതികളിൽ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർമാർ നടത്തുന്നതാണ്.

പട്ടിക

| ക്രമ നം. | വസ്തുവിന്റെ പേര് | പോലീസ് സ്റ്റേഷൻ | തീയതി | സമയം |
|---|---|---|---|---|
| | | | | |

**വിൽപ്പന സംബന്ധിച്ച നിബന്ധനകൾ**

1. പട്ടികയിൽ വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള വിവരങ്ങൾ പോലീസ് സ്റ്റേഷനിലെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഉത്തമ വിശ്വാസത്തിലും നൽകിയത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആയതിനാൽ ഈ വിളംബരത്തിലെ ഏതെങ്കിലും പിശകിനോ, തെറ്റായ പ്രസ്താവനക്കോ, ഉപേക്ഷയ്ക്കോ ജില്ലാ പോലീസ് മേധാവിയോ, മറ്റ് പോലീസ് ഉദ്യോഗസ്ഥരോ ഉത്തരവാദികളല്ലാതാകുന്നതും, അവരുടെ പ്രവർത്തികൾ 2011-ലെ കേരളാ പോലീസ് ആക്റ്റിലെ (2011-ലെ 8) 13-ാം വകുപ്പ് പ്രകാരം സംരക്ഷിക്കപ്പെടുന്നതായിരിക്കുന്നതുമാണ്.

2. വർദ്ധിക്കുന്ന ലേല വിളികൾക്കുള്ള തുക വിൽപ്പന നടത്തുന്ന അതാത് സ്റ്റേഷൻ ഓഫീസർമാർ തീരുമാനിക്കുന്നതാണ്. ലേലം വിളിയുടെ തുകയിലോ, ലേലം വിളിക്കുന്നവരുടെ കാര്യത്തിലോ തർക്കം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉചിതമാണെന്ന് കാണുന്ന പക്ഷം ലേലനടപടികൾ പുനഃരാരംഭിച്ച് നടത്താവുന്നതാണ്.

3. ഉയർന്ന ലേലം വിളി നടത്തുന്നയാൾ ലേലത്തിൽ ഉൾപ്പെട്ട ഏതെങ്കിലും ഇനത്തിന്റെ ക്രേതാവ് ആണെങ്കിലും, അങ്ങിനെ വിളിച്ച ഉയർന്ന തുക പ്രകടമായി അപര്യാപ്തമാണെന്ന് തോന്നുകയാണെങ്കിൽ ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ആ തുക നിരാകരിക്കുന്നതിനുള്ള വിവേചനാധികാരം ഉണ്ടായിരിക്കുന്നതാണ്.

4. മറ്റേതെങ്കിലും സാഹചര്യത്തിൽ ആവശ്യമെന്ന് തോന്നുന്ന പക്ഷം മതിയായ കാരണങ്ങൾ രേഖപ്പെടുത്തിയ ശേഷം ജില്ലാ പോലീസ് മേധാവിക്കോ ലേലം നടത്തുന്ന ഉദ്യോഗസ്ഥനോ ലേലം മാറ്റി വയ്ക്കാവുന്നതാണ്.

5. ലേലം ചെയ്ത ഇനത്തിൽപ്പെട്ട വസ്തുക്കളുടെ കാര്യത്തിൽ ഓരോ ഇനത്തിന്റേയും വില, വിൽപ്പന സമയത്തോ, ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നതു പോലെ ഉടനടി നൽകേണ്ടതും, ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ പുനർലേലം ചെയ്ത് വിൽപ്പന നടത്തുന്നതുമാണ്.

( ആഫീസ് മുദ്ര )

ജില്ലാ പോലീസ് മേധാവി

______________ ജില്ല

തീയതി__________

## പട്ടിക

| ക്രമ നം. | പോലീസ് സ്റ്റേഷൻ | ലേലം ചെയ്യുന്ന വസ്തുക്കളുടെ വിവരണം (വാഹനം ആണെങ്കിൽ രജിസ്ട്രേഷൻ നം. , ഷാസി നം.) | ഉടമസ്ഥനെങ്കിൽ വിലാസം | 2011-ലെ കേരളാ പോലീസ് ആക്റ്റിലെ (2011-ലെ 8) 56-ാം വകുപ്പ് (2)-ാം ഉപ വകുപ്പ് പ്രകാരം ആദരണീയരായ തദ്ദേശ കച്ചവടക്കാരൻ നിശ്ചയിക്കുന്ന ഉദ്ദേശ കമ്പോള വില | മറ്റ് അഭിപ്രായങ്ങൾ |
|---|---|---|---|---|---|
| | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം 3

(7-ാം ചട്ടം 1-ാം ഉപചട്ടം കാണുക)

## പെർമിറ്റ് അനുവദിക്കുന്നതിനുള്ള അപേക്ഷ

അപേക്ഷകന്റെ ഫോട്ടോ

1. അപേക്ഷകന്റെ പേര് :
2. സ്ഥാപനത്തിന്റെ അല്ലെങ്കിൽ പരിശീലന കേന്ദ്രത്തിന്റെ പേര് :
3. അപേക്ഷകന്റെ ജനനത്തീയതി :
4. അച്ഛന്റെ പേര് :
5. സ്ഥിരമായ മേൽവിലാസം :
6. താൽക്കാലിക മേൽവിലാസം :
7. തദ്ദേശാധികാരിതയുള്ള പോലീസ് സ്റ്റേഷൻ :
8. കായിക പരിശീലനം നടത്തുവാൻ ഉദ്ദേശിക്കുന്ന പരിസരത്തിന്റെ മേൽവിലാസം :
9. കായിക പരിശീലനം നൽകുന്നതിന് യോഗ്യതകൾ ലഭിച്ചിട്ടുള്ള പരിശീലകരുടെ പേരുകൾ (യോഗ്യതാ സാക്ഷ്യപത്രങ്ങൾ ഉണ്ടെങ്കിൽ ഇതോടൊപ്പം ചേർക്കേണ്ടതാണ്) :
10. പരിശീലനം നേടുന്നവരുടെ പരമാവധി എണ്ണം :
11. കൊടുക്കുവാൻ ഉദ്ദേശിക്കുന്ന പരിശീലനത്തിന്റെ പൂർണ്ണ വിവരങ്ങൾ :
12. പരിശീലന കേന്ദ്രത്തിൽ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്ന ഉപകരണങ്ങൾ :
13. പരിശീലനത്തിന്റെ സമയം :
14. പരിശീലനത്തിന്റെ കാലയളവ് :
15. പരിശീലനത്തിന്റെ ആവൃത്തി (മാസത്തിൽ/വർഷത്തിൽ) :

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്

കുറിപ്പ്:- അപേക്ഷകന്റെ ഉടമസ്ഥതയിലല്ലാത്ത കെട്ടിടത്തിൽ പരിശീലനം നടത്തുവാൻ ഉദ്ദേശിക്കുന്ന പക്ഷം കെട്ടിട ഉടമസ്ഥന്റെ സമ്മത പത്രം അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

264/24

## ഫാറം 4

(7-ാം ചട്ടം 4-ാം ഉപചട്ടം കാണുക)

## പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേര് :
2. പരിശീലന കേന്ദ്രത്തിന്റെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ പേര് :
3. പെർമിറ്റ് നമ്പർ :
4. തദ്ദേശാധികാരിതയുള്ള പോലീസ് സ്റ്റേഷൻ :
5. നിലവിലുള്ള പെർമിറ്റ് അവസാനിക്കുന്ന തീയതി :
6. പരിശീലന പരിപാടിയിൽ അധികമായി ചേർക്കേണ്ടവ ഉണ്ടെങ്കിൽ അവ :
7. പരിശീലന ഉപകരണങ്ങളിൽ അധികമായി ചേർക്കേണ്ടവ ഉണ്ടെങ്കിൽ അവ :
8. പുതുതായി ഉൾപ്പെടുത്തിയ പരിശീലകർ :
9. പരിശീലന കേന്ദ്രത്തിന്റെയോ സ്ഥാപനത്തി-ന്റെയോ മേൽവിലാസത്തിൽ മാറ്റം ഉണ്ടെങ്കിൽ അത്. :
10. പരിശീലന കേന്ദ്രത്തിലെ ഫോൺ നമ്പർ/ ബന്ധപ്പെടേണ്ട ഫോൺ നമ്പർ :

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം 5

(7-ാം ചട്ടം 1-ാം ഉപചട്ടം കാണുക)

## പെർമിറ്റ്

പെർമിറ്റ് നമ്പർ/..............

1. ശ്രീമാൻ/ശ്രീമതി..............................................................താമസസ്ഥലത്തിന്റെ മേൽവിലാസം..................................നെ.........................എന്ന കേന്ദ്രത്തിൽ/സ്ഥലത്തിൽ .........................തിയതി മുതൽ 2 വർഷകാലത്തേക്ക് കായിക പരിശീലന പ്രവർത്തികൾ നടത്തുന്നതിനായി ഇതിനാൽ അനുവദിച്ചിട്ടുള്ളതാണ്.

2. അയാൾ/അവർ, കായിക പരിശീലന പ്രവൃത്തികൾ നടത്തുന്ന സമയം രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഹാനികരമായേക്കാവുന്ന പ്രവർത്തികളിൽ ഏർപ്പെടാൻ പാടില്ലാത്തതാണ്.

3. ഈ ലൈസൻസ്............തിയതിയിൽ അവസാനിക്കുന്നതാണ്.

സ്ഥലം : പെർമിറ്റ് നൽകുന്ന അധികാരി

തിയതി : (ഒപ്പ്)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക. ഏ

## റിപ്പോർട്ട്

(13-ാം ചട്ടം 1-ാം ഉപചട്ടം കാണുക)

സ്വീകർത്താവ്

എസ്.എച്ച്.ഒ

..................

.................. പോലീസ് സ്റ്റേഷൻ

ഇന്നേ ദിവസം ..............................ഞാൻ..............................ഡ്യൂട്ടി നോക്കി വരവെ ..............................................സ്ഥലത്ത് എത്തിയ സമയം ഒരാൾ................................................

..........................................................................................................................................കൃത്യത്തിൽ ഏർപ്പെട്ടിരിക്കുന്നതായി കാണപ്പെട്ടു. ഞാൻ ടിയാനെ സമീപിച്ച് ടിയാനോട് പേരും വിലാസവും ചോദിച്ചതിൽ ടിയാൻ ..............................S/o ..............................വയസ്സ് ..............................ആണെന്നും ടിയാൻ ........................................................................................................................ വിലാസത്തിൽ താമസിച്ച് വരികയാണെന്നും ടിയാന്റെ ഫോൺ നമ്പർ .................. ആണെന്ന് പറയുകയും തുടർന്ന് അന്വേഷിച്ചതിൽ ടിയാൻ പറഞ്ഞ പേരും വിലാസവും ശരിയാണെന്ന് ബോധ്യം വന്നിട്ടുള്ളതാണ്. ശ്രീ................................................ S/o .................. .............................. ന്റെ പ്രവൃത്തി 2011-ലെ കേരള പോലീസ് ആക്ടിലെ (2011-ലെ 8) .................. വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യമാകയാൽ അനന്തര നടപടികൾക്കായി ഈ റിപ്പോർട്ട് ഹാജരാക്കുന്നു.

സാക്ഷികൾ

1................................................(പേര്)

..........................................................................................(മേൽവിലാസം)

.............................. (ഫോൺ നമ്പർ)

2. ................................................ (പേര്)

..........................................................................................(മേൽവിലാസം)

.............................. (ഫോൺ നമ്പർ)

തീയതി :

.............................. ഒപ്പ്

..............................പേര്

..............................സ്ഥാനപ്പേര്

..............................മേൽവിലാസം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക. ബി

(11-ാം ചട്ടം 1-ാം ഉപചട്ടം കാണുക)

നമ്പർ.........

..............................പോലീസ് സ്റ്റേഷൻ

..............................................................ജില്ല

പെറ്റി കേസ് നമ്പർ.......................................ലെ പ്രതിക്കുള്ള നോട്ടീസ്

സ്വീകർത്താവ്

ശ്രീ..........................................

..............................................

..............................................

ശ്രീ..........................................S/o..........................................വയസ്സ്............

(പൂർണ്ണ വിലാസം)............................................................................................................

(കുറ്റകൃത്യവിവരണം)........................................................................................................

..................................................................................................................................

കാണപ്പെട്ട് ബോദ്ധ്യം വന്നിട്ടുള്ളതാണ്. മേൽ വിവരിച്ച താങ്കളുടെ പ്രവൃത്തി 2011 ലെ കേരള പോലീസ് ആക്ടിലെ................................വകുപ്പ് പ്രകാരം കുറ്റകരവും ടി കുറ്റത്തിന് ............വർഷം വരെ ആകാവുന്ന തടവിനോ ....................രൂപ വരെ ആകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ താങ്കൾ ശിക്ഷിക്കപ്പെടാവുന്നതാണ്. ഈ സംഗതിക്ക് താങ്കൾക്കെതിരായ കുറ്റപത്രം അനന്തരനടപടികൾക്കായി അധികാരപ്പെട്ട കോടതി മുമ്പാകെ ഈ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 30 ദിവസത്തിനകം സമർപ്പിക്കുന്നതാണ്. എന്നാൽ താങ്കൾക്ക് കുറ്റം രാജിയാക്കാൻ താല്പര്യമുണ്ടെങ്കിൽ ആക്കാര്യം നിശ്ചിതഫാറത്തിലുള്ള താല്പര്യപത്രം പ്രകാരം ഉടനെ അറിയിക്കേണ്ടതാണ്. മേൽപ്പറഞ്ഞ കുറ്റകൃത്യം 2011-ലെ കേരളാ പോലീസ് ആക്ടിലെ (2011-ലെ 8) 126-ാം വകുപ്പുപ്രകാരം ............രൂപ പോലീസ് വകുപ്പിന് നൽകി രാജിയാക്കാവുന്നതാണെന്ന വിവരവും ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

തീയതി :

....................................................പേര്

സ്റ്റേഷൻ ഹൗസ് ഓഫീസർ

..............................പോലീസ് സ്റ്റേഷൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക സി

### താല്പര്യ പത്രം

(12-ാം ചട്ടം 1-ാം ഉപചട്ടം കാണുക)

പ്രേഷകൻ

..............................

..............................

..............................

സ്വീകർത്താവ്

സ്റ്റേഷൻ ഹൗസ് ഓഫീസർ/ജില്ലാ പോലീസ് മേധാവി

(സ്റ്റേഷൻ ഹൗസ് ഓഫീസർ മുഖേന)

പോലീസ് സ്റ്റേഷൻ/ജില്ല

സൂചന : ..............................നമ്പർ നോട്ടീസ്/........ നമ്പർ FIR

സൂചന പ്രകാരമുള്ള നോട്ടീസ്/എഫ്.ഐ.ആർ - ൽ പ്രതിപാദിക്കുന്ന കേസിന്റെ കോടതി നടപടികളുമായി മുന്നോട്ട് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. 2011-ലെ കേരള പോലീസ് ആക്ടിലെ (2011-ലെ 8) 126-ാം വകുപ്പനുസരിച്ച് ..................രൂപ അടച്ച് പ്രസ്തുത കേസ് രാജിയാക്കുന്നതിന് എനിക്ക് താല്പര്യമുണ്ടെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

തീയതി :

ഒപ്പ്

..............................

..............................

ഫോൺ നമ്പർ..............................

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക ഡി

(12–ാം ചട്ടം 2–ാം ഉപചട്ടം കാണുക)

..................പോലീസ് സ്റ്റേഷൻ
..................ജില്ല

നമ്പർ..................

### രാജിയാക്കൽ ഉത്തരവ്

1. പെറ്റി കേസ് നമ്പർ/എഫ്.ഐ.ആർ നമ്പർ :
2. പ്രതിയുടെ പേരും പൂർണ്ണമായ മേൽവിലാസവും :
3. ..........തീയതിയിലെ പ്രതിയുടെ താല്പര്യ പത്രം :
4. എസ്.എച്ച്.ഒ യുടെ .......... തീയതിയിലെ റിപ്പോർട്ട് (ഡി.പി.സി യുടെ ഉത്തരവിന് മാത്രം ബാധകം) :
5. കുറ്റം U/S .......... കേരള പോലീസ് ആക്റ്റ് 2011 :

ശ്രീ..................S/o ..................വയസ്സ്...... (പൂർണ്ണവിലാസം).................................. ആയ താങ്കൾ.................. തീയതി .................. ..................സ്ഥലത്ത് ..................സമയത്ത്.................. ..................(കുറ്റകൃത്യ വിവരണം) വാദിയാലും സാക്ഷികളാലും കാണപ്പെട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. മേൽ വിവരിച്ച താങ്കളുടെ പ്രവർത്തി 2011 ലെ കേരള പോലീസ് ആക്റ്റിലെ ..................വകുപ്പ് പ്രകാരം കുറ്റകൃത്യമാകുന്നു.

ഇടർന്ന് താങ്കൾക്ക് കുറ്റകൃത്യത്തെയും അതിന്റെ ഇടർനടപടികളെക്കുറിച്ചും അറിവ് ലഭിച്ച ശേഷം താങ്കൾ സ്വമേധയാ ..................രൂപ അടച്ച് കേസ് തീർപ്പാക്കാനുള്ള ആഗ്രഹം രേഖാമൂലം അറിയിച്ചുകൊണ്ട് താല്പര്യപത്രം തന്നിട്ടുള്ളതിനാൽ 2011–ലെ കേരള പോലീസ് ആക്റ്റിലെ (2011–ലെ 8) 126–ാം വകുപ്പുപ്രകാരം താങ്കളിൽ നിന്നും .......... രൂപ കൈപ്പറ്റിയശേഷം ആ കേസ് രാജിയാക്കുന്നതാണ്/ഈ കേസ് രാജിയാക്കി എന്ന് തീരുമാനിക്കുന്നു.

..................ഒപ്പ്
.................. പേര്
..................സ്ഥാനപ്പേര്
..................മേൽവിലാസം

തീയതി :

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ.വിശ്വാസ് മേത്ത,**
അഡീഷണൽ ചീഫ് സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2011 ലെ കേരള പോലീസ് ആക്ടിലെ (2011-ലെ 8) 129-ാം വകുപ്പ് പ്രകാരം സർക്കാരിന് ആക്ടിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി ഗസറ്റ് വിജ്ഞാപനം വഴി, മുൻകാല പ്രാബല്യത്തോടെയോ പിൻകാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് അധികാരം നൽകുന്നു. ആക്ടിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി 129-ാം വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ച് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

VP